**പന്ത്രണ്ടാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 151 — 16-09-2009- ൽ മറുപടിയ്ക്ക്

**ആസിയാൻ കരാർ പ്രകാരമുള്ള നെഗറ്റീവ് ലിസ്റ്റ്**

**ചോദ്യം**

ശ്രീ. കെ. ബാബു :
ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. എ.പി. അനിൽകുമാർ :

(എ) ആസിയാൻ കരാറിനോടനുബന്ധിച്ചുള്ള നെഗറ്റീവ് ലിസ്റ്റിലുള്ള ഉൽപ്പന്നങ്ങളെ നിലവിലുള്ള തീരുവ എപ്രകാരം ബാധിക്കും ; ഇതിന്റെ അടിസ്ഥാനത്തിൽ നെഗറ്റീവ് ലിസ്റ്റിലുള്ള ഉൽപ്പന്നങ്ങളുടെ അനിയന്ത്രിത ഇറക്കുമതി ഉണ്ടാകുമോ ;

(ബി) ഈ ലിസ്റ്റിലുള്ള ഉൽപ്പന്നങ്ങളുടെ വിപണിയിലെ ചലനം വിലയിരുത്തി ഈ ലിസ്റ്റ് പുതുക്കാൻ കഴിയുമോ ; ഈ വസ്തുതകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് പരിരക്ഷ ആവശ്യമെങ്കിൽ അത് ലഭിക്കുവാൻ എന്ത് നടപടിയെടുക്കുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) ആസിയാൻ കരാറിലെ നെഗറ്റീവ് അഥവാ എക്സ്ക്ലൂഷൻ ലിസ്റ്റിൽ ഉള്ള ഉല്പന്നങ്ങളുടെ നിലവിലുള്ള തീരുവ പ്രകാരം ഇറക്കുമതി തുടരും. നിലവിലുള്ള തീരുവയായി കണക്കാക്കിയിരിയ്ക്കുന്നത് 2007 ലെ തീരുവ നിരക്കാണ്. ആയതിനാൽ 2008 ലോ 2009 ലോ നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അനിയന്ത്രിതമായ ഇറക്കുമതി ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. ഉദാഹരണത്തിന് ക്രൂഡ് പാമോയിൽ ആസിയാൻ കരാറിൽ സ്പെഷ്യൽ പ്രോഡക്റ്റ് ആയിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ തീരുവ നിരക്ക് 2007 ലെ 80% ൽ നിന്ന് ഘട്ടം ഘട്ടമായി 2019 ഓടെ 37.5% മായി കുറയ്ക്കാനാണ് സമ്മതിച്ചിരിക്കുന്നത്. എന്നാൽ 2009 മാർച്ചിൽ തന്നെ ക്രൂഡ് പാമോയിലിന്റെ തീരുവ 0% മായി കുറച്ചതിനാൽ പാമോയിൽ ഇറക്കുമതിയിൽ വൻ വർദ്ധന ഉണ്ടായിട്ടുണ്ട്.

(ബി) ആസിയാൻ കരാർ നിലവിൽ വന്ന് ഒരു വർഷത്തിന് ശേഷം അത് പുനഃ പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നെഗറ്റീവ് ലിസ്റ്റ് മാത്രം കേരളത്തിന് പരിരക്ഷയാവുകയില്ല. കേരളത്തിന്റെ പ്രധാന ഉല്പന്നങ്ങളെ നെഗറ്റീവ് ലിസ്റ്റിൽപ്പെടുത്തി സംരക്ഷിക്കുന്നതിന് തുടർന്നും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം നടത്തും.

Suseelatha. B
അണ്ടർ സെക്രട്ടറി

**പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : * 152 — 16.09.2009 -ൽ മറുപടിയ്ക്ക്

**ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. ബി.രാഘവൻ<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. സാജു പോൾ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ താഴെ കൊടുക്കുന്നു.<br>1. വനസംരക്ഷണസമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നു.<br>2. ആദിവാസികൾക്കു വേണ്ടി പ്രത്യേക ഇൻഷുറൻസ് പദ്ധതിയ്ക്ക് രൂപം നല്കി നടപ്പിലാക്കി വരുന്നു.<br>3. ആദിവാസികളുടെ ഭവന നിർമ്മാണത്തിനു വേണ്ടി സൗജന്യ നിരക്കിൽ തടി ലഭ്യമാക്കുന്നു.<br>4. വന്യജീവികളിൽ നിന്നും സംരക്ഷണം നല്കുന്നതിനുവേണ്ടി ഊരുകൾക്കു ചുറ്റും സൗരോർജ്ജ വേലികളും കിടങ്ങുകളും നിർമ്മിച്ചു വരുന്നു.<br>5. വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് ധനസഹായം നൽകുന്നു.<br>6. വന്യജീവി ആക്രമണം മൂലം കൃഷി നശിക്കാൻ ഇടയായാൽ നഷ്ടപരിഹാരം നല്കുന്നു.<br>7. വനങ്ങളിൽ നിന്നുള്ള ചെറുകിട വനവിഭവങ്ങളുടെ സംഭരണാവകാശം ആദിവാസികൾക്ക് ലഭ്യമാക്കുന്നു.<br>8. ദേശീയവനവല്ക്കരണ പരിപാടിയുടെ ഭാഗമായി വനവല്ക്കരണം നടത്തുന്ന ആദിവാസിസമൂഹങ്ങളുടെ ക്ഷേമത്തിനായി ഗ്രാമ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>9. ഇക്കോടൂറിസം നടത്തിപ്പ് മുഖേന തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നു. |
| (ബി) | ആദിവാസികൾക്ക് ഈറ്റയും മുളയും സൗജന്യമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പരമ്പരാഗത തൊഴിലാളികൾക്കും സർക്കാർ ഉത്തരവ് (എം.എസ്) നം.28/2007/വനം വന്യജീവി വകുപ്പ് തീയതി, 24/05/2007 പ്രകാരം മുളയും ഈറ്റയും സൗജന്യ നിരക്കിൽ നല്കുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈറ്റയും മുളയും നല്കി വരുന്നു. |
| (സി) | വനമേഖലയിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുക്കി നിശ്ചയിച്ച പ്രകാരം, 2007 ലെ (G.O.(Ms).No.7/07/F&WLD dated, 24/02/2007) |

| | | | |
|---|---|---|---|
| | നിലവിലുള്ള വേതനം വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | ഉത്തരവനുസരിച്ചാണ് വനവല്ക്കരണവും വനപരിപാലനവും സംബന്ധിച്ച പ്രവൃത്തികൾക്ക് വേതനം നല്കിപ്പോരുന്നത്. ഈ നിരക്ക് അടിസ്ഥാന വേതനവും, ഉപഭോക്തൃ വിലസൂചിക അടിസ്ഥാനമാക്കിയുള്ള വേരിയബിൾ ഡിയർനസ്സ് അലവൻസും കൂടിയതാണ്. ആയതിനാൽ വിലസൂചിക വർദ്ധിക്കുന്നതനുസരിച്ച് വേതനവും വർദ്ധിക്കും. നിലവിലുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ട് രണ്ടരക്കൊല്ലം മാത്രമേ ആയിട്ടുള്ളു. |
| (ഡി) | വനസംരക്ഷണത്തിനായി ആദിവാസികളുടെ സേവനം പ്രയോജനപെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | വനവികാസ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ അംഗങ്ങളായിട്ടുള്ള ആദിവാസികൾ വനസംരക്ഷണത്തിൽ സജീവമായി പങ്കാളികളാകുന്നുണ്ട്. വനസംരക്ഷണത്തിന് ഹാനികരമാകുന്ന കാട്ടുതീ, വ്യാജവാറ്റ്, നായാട്ട്, കഞ്ചാവുകൃഷി മുതലായവ തടയുന്ന പ്രവർത്തനങ്ങളിൽ ഇവരുടെ സേവനം അത്യധികം പ്രയോജനപ്പെടുത്തുന്നതിന് വനം വകുപ്പ് സദാ ജാഗ്രത പുലർത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 153

16.09.09-ൽ
മറുപടിക്ക്

ഭക്ഷ്യോപദേശക സിമതിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>" വി.എൻ. വാസവൻ<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ എം.എം.മോനായി<br>" മുരളി പെരുനെല്ലി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ കളക്ടർമാരുടെ നേതൃത്വ(ത്തി)ത്തിലുള്ള ഭക്ഷ്യോപദേശക സമിതിയുടെ പ്രവർത്തനം വിശദമാക്കുമോ; | പൊതു വിതരണ സമ്പ്രദായം കുറ്റമറ്റരീതിയിൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ പരാതിക്കിട വരാത്തവിധം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുമായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ അടങ്ങുന്ന ഭക്ഷ്യോപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല ഭക്ഷ്യോപദേശക സമിതികൾ എല്ലാ മാസവും യോഗം ചേർന്ന് പൊതു വിതരണത്തിലെയും പൊതു വിപണിയിലെയും സ്ഥിതിഗതികൾ ചർച്ചചെയ്ത് പരിഹാരം കാണുന്നുണ്ട്. യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണുകയും ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം/വില സംബന്ധിച്ച വിഷയങ്ങളും പാചകവാതക വിതരണത്തിലെ പ്രശ്നങ്ങളും സമിതി ചർച്ച ചെയ്ത് അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സമിതിയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ ധാന്യങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച ഭക്ഷ്യോപദേശക സമിതിയിലെ അംഗങ്ങൾ ഉന്നയിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് യഥോചിതമായി കമ്പോളത്തിൽ ഇടപെടുന്നതിനും വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും സർക്കാർ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | കരിഞ്ചന്തയും പൂഴ്ത്തിവെയ്പും മായി ബന്ധപ്പെട്ട കാര്യങ്ങൾ സമിതി പരിശോധിക്കാറുണ്ടോ; ഇതിനായി സമിതിയുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; | (സി) | ഉണ്ട്. സമിതിയുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം പ്രവർ ത്തിക്കുന്നില്ല. എന്നാൽ സമിതി അംഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്ന പരാതികൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉദ്യോഗസ്ഥരും സിവിൽ സപ്ലൈസ് വിജിലൻസ് വിഭാഗവും അന്വേഷണം നടത്തി ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഭക്ഷ്യോപദേശക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ? | (ഡി) | ഭക്ഷ്യോപദേശക സമിതി പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായിട്ടാണ് നടക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : * 154 — 16.09.2009 -ൽ മറുപടിയ്ക്ക്

## കാവുകൾ വച്ചുപിടിപ്പിക്കലും സംരക്ഷണവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.ശക്തൻ<br>ശ്രീ. ജി.കാർത്തികേയൻ<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര കാവുകളുണ്ടെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ചെറുതും വലുതുമായി 1500-ഓളം കാവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) ഇവ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ; | (ബി) കാവുകളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യം ഉൾക്കൊണ്ട് അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാങ്കേതിക -സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 40 ലക്ഷം രൂപ കേന്ദ്രസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ വിസ്തൃതിയുള്ളതും ജൈവ വൈവിധ്യ പ്രാധാന്യമുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. കാവുകളുടെ ഉടമസ്ഥരുടെയും, സമീപവാസികളായ പൊതുജനങ്ങളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയുമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച വിവരങ്ങൾ മാധ്യമങ്ങളിൽ കൂടി പൊതുജന സമക്ഷം അറിയിച്ചിട്ടുള്ളതും, ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽനിന്ന് സാങ്കേതിക-സാമ്പത്തിക സഹായം ലഭിക്കാൻ താത്പര്യപ്പെടുന്ന കാവുടമകൾ നിർദ്ദിഷ്ട ഫാറത്തിൽ ജില്ലാ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസി.ഫോറസ്റ്റ് |

കൺസർവേറ്റർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നിന്നും പ്രാഥമികമായി തെരഞ്ഞെടുത്ത 5 കാവുകളുടെ സംരക്ഷണത്തിനുവേണ്ട സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കാനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ വനം വകുപ്പുദ്യോഗസ്ഥർ നൽകുകയുണ്ടായി. ഇതനുസരിച്ച് തയ്യാറാക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖകൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിക്കുന്നതും സമിതി ശുപാർശ ചെയ്യുന്ന കാവുകൾക്ക് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി ധനസഹായം ലഭ്യമാക്കുന്നതുമാണ്. പദ്ധതിയിൽ ചേരുക വഴി കാവുകളുടെ ഉടമസ്ഥതയ്ക്കും മറ്റും യാതൊരു മാറ്റവും സംഭവിക്കുന്നതല്ല.

(സി) പുറമ്പോക്ക് സ്ഥലങ്ങളിലും ദേവാലയങ്ങളുടെ പരിസരത്തും കാവുകൾ വച്ചു പിടിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(സി) & (ഡി) ദൈവീകമായ കാര്യങ്ങളാൽ ഓരോ പ്രദേശത്തുമുള്ള വ്യക്തികളോ, കുടുംബങ്ങളോ, തറവാടുകളോ, ദേവാലയങ്ങളോ പരിപാലിച്ചു വരുന്ന ചെറിയ വനങ്ങളാണ് കാവുകൾ. പുറമ്പോക്ക് സ്ഥലങ്ങളിലും ദേവലായങ്ങളുടെ പരിസരങ്ങളിലും സ്ഥലം ലഭ്യമാണെങ്കിൽ വൃക്ഷവത്ക്കരണം നടത്തുന്നതിനുള്ള പ്രോത്സാഹനം നൽകാൻ വനം വകുപ്പ് സന്നദ്ധമാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155 — 16 -09 -2009 ൽ മറുപടിക്ക്

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം

ചോദ്യം:
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ.ജോസഫ്.എം.പുതുശ്ശേരി :
ശ്രീ.റോഷി അഗസ്റ്റിൻ ;

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം ഏത് ഘട്ടംവരെയായി ; പ്രസ്തുത നിർമ്മാണം പൂർത്തിയാകുമ്പോൾ എത്ര ദൈർഘ്യമുള്ള റൺവേകൾ ലഭ്യമാകും ;

(എ). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ 80-85% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതായി തിരുവനന്തപുരം എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇലക്ട്രിക് സംബന്ധമായ ജോലികളും ഫിനിഷിംഗ് ജോലികളും പൂർത്തിയാക്കാനുണ്ട്. റൺവേയുടെ ഇപ്പോഴുള്ള ദൈർഘ്യം 3398 മീറ്ററാണ്. വലിയ എയർക്രാഫ്റ്റുകളായ എയർ ബസ് 380 പോലും സർവ്വീസ് നടത്തുന്നതിനുള്ള സൗകര്യവും പ്രസ്തുത റൺവേയിലുണ്ട്.

(ബി). ഇനി എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കുവാനുള്ളത് ; ഇതിനായി എത്ര സമയം കൂടി വേണ്ടിവരും ;

(ബി). ഇലക്ട്രിക് സംബന്ധമായ ജോലികളും, വിമാനത്താവള നിർമ്മാണത്തിന്റെ അവസാനഘട്ടജോലികളുമാണ് ഇനി പൂർത്തീകരിക്കാനുള്ളത്. അത് 2009 ഒക്ടോബർ അവസാനത്തോടെ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

(സി). പുതിയ ടെർമിനലിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത് ;

(ഡി). യാത്രക്കാർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് വിമാനത്താവള വികസനത്തോടെ ലഭ്യമാകുന്നത് ;

(സി). യും (ഡി) യും.

പുതിയ അന്താഷ്ട്ര ടെർമിനൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 28,800 ചതുരശ്ര മീറ്റർ ആണ് . തിരക്കുള്ള അവസരങ്ങളിൽ 1600 യാത്രക്കാർക്കും വർഷത്തിൽ 19.47 ലക്ഷം യാത്രക്കാർക്കും ഉള്ള സൗകര്യം ഉണ്ട്. വിമാനങ്ങൾക്കായി 8 പാർക്കിംഗ് ബേ സൗകര്യവും, നാല് എയ്റോ ബ്രിഡ്ജുകളുമുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ എയ്റോ ബ്രിഡ്ജുകൾ പണിയുന്നതിനുള്ള സംവിധാനവും ഉണ്ട്. 606 കാറുകൾ പാർക്കുചെയ്യാനുള്ള സൗകര്യവും, 30 ചെക്ക് -ഇൻ കൗണ്ടറുകളും ഇമിഗ്രേഷനായി 18-ഉം, സെക്യൂരിറ്റി പരിശോധനക്കായി 3 യൂണിറ്റുകളും ഉണ്ട്. വിമാനങ്ങളുടെ പുറപ്പെടൽ സംബന്ധിച്ചും, എത്തിച്ചേരൽ സംബന്ധിച്ചും, ഇമിഗ്രേഷനായി 18 യൂണിറ്റുകളും, 18 കസ്റ്റംസ് കൗണ്ടറുകളും, 4 കൺവയർ ബെൽറ്റുകളും ഉണ്ട്. പുറപ്പെടുന്നതും എത്തിച്ചേരുന്ന

ത്തുമായ യാത്രക്കാരെ ഗ്രേഡ് അനുസരിച്ചും കാര്യക്ഷമമായ പ്ലാനിംങ്ങോടെയും വേർതിരിക്കാനാകും ഇക്കോ ഫ്രണ്ട്‌ലി ഡിസൈൻ, കോൺക്രീറ്റിന്റെ ഏറ്റവും കുറഞ്ഞ ഉപയോഗം, തനതായി ചൂട് പുറത്തേക്ക് പോകുന്നതിനുള്ള സംവിധാനം, രാത്രികാല കാഴ്ചകൾക്കായി വ്യാപകമായി ഗ്ലാസ് ഉപയോഗം എന്നിവയാണ് ടെർമിനലിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങൾ.

(ഇ). ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ ഏതൊക്കെ ഇനം വിമാനങ്ങൾക്ക് ഇവിടേക്കും ഇവിടെനിന്നും സർവ്വീസ് നടത്താനാകുമെന്ന് വിശദമാക്കുമോ ?

(ഇ). നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ വലിയ എയർ ക്രാഫ്റ്റുകളായ ജംബോ എയർബസ് 380 ഉൾപ്പെടെയുള്ള എല്ലാത്തരം എയർക്രാഫ്റ്റുകളും ഓപ്പറേറ്റ് ചെയ്യുന്നതിനായുള്ള സൗകര്യം തിരുവനന്തപുരം വിമാനത്താവളത്തിലുണ്ടാകും. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും ഇവിടേയ്ക്കുമായി എയർ ബസ് 380, ബി-747, എൽ-1011, എബി-300, എബി-320 എന്നീ എയർ ക്രാഫ്റ്റുകൾക്ക് സർവ്വീസ് നടത്താനാകും.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 156

16.9.2009 ൽ
മറുപടിയ്ക്ക്

**കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി ;<br>ശ്രീമതി കെ.കെ. ലതിക ;<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ;<br>ശ്രീ. പി. കൃഷ്ണപ്രസാദ് ;<br>ശ്രീ. എം.എം. മോനായി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) കേരള ഗവൺമെന്റിന്റെ ഐ.ടി. സംബന്ധമായ പരിപാടികളെ പിന്തുണയ്ക്കുന്ന സ്ഥാപനമാണ് ഐ.ടി. മിഷൻ. നിക്ഷേപകരുമായി സംവദിക്കുക, ഐ.ടി. ഇ.എസ് വ്യവസായങ്ങൾ ശക്തിപ്പെടുത്തുക, സർക്കാരിനും വ്യവസായികൾക്കുമിടയിൽ ഇടനിലക്കാരനാകുക, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയെ (ഐ.സി.റ്റി) ഫലപ്രദമായ രീതിയിൽ ഉപയോഗിച്ച് ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കുക, ഇ-ഗവേണൻസ് പദ്ധതികൾ നടപ്പാക്കുക, ഐ.ടി. - ഐ.ടി.ഇ.എസ്. മേഖലകൾക്ക് വേണ്ടിയുള്ള മനുഷ്യവിഭവശേഷി സംഭരിക്കുക, ഗവൺമെന്റിന്റെ നയപരിപാടികൾക്ക് വേണ്ട ഉപദേശം നൽകുക എന്നിവയാണ് കെ.എസ്.ഐ.ടി.എം.ന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| ബി) മിഷന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഇലക്ട്രോണിക് ഭരണ സംവിധാനം വിപുലപ്പെടുത്തുന്നതിന് എന്തുമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ ; | ബി) വിശദാംശം അനുബന്ധം എ യിൽ ചേർത്തിട്ടുണ്ട്. |
| സി) മിഷൻ സംസ്ഥാനത്ത് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | സി) ഐ.ടി. മിഷൻ ഇപ്പോൾ സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം ബി യിൽ ചേർത്തിട്ടുണ്ട്. |
| ഡി) അക്ഷയ ഇ-പേ സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ഡി) അക്ഷയ ഇ-പേ പദ്ധതി 2005 മാർച്ചിൽ മലപ്പുറം ജില്ലയിൽ ആദ്യമായി ആരംഭിച്ചു. അതിനെ തുടർന്ന് 7 ജില്ലകളിൽ ഈ പദ്ധതി 2007 ഒക്ടോബറിൽ ആരംഭിച്ചു. 2009 മാർച്ച് മാസത്തിൽ ഈ പദ്ധതി സ്റ്റേറ്റിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. 2007 വരെ ബി.എസ്.എൻ.എൽ. ലാൻഡ്-മൊബൈൽ ഫോൺ ബില്ലുകൾ, വൈദ്യുതി ബില്ലുകൾ, കേരള വാട്ടർ അതോറിറ്റി ബില്ലുകൾ സ്വീകരിക്കുകയായിരുന്നു. അതിനെ തുടർന്ന് പുതിയ പുതിയ ബില്ലുകൾ ഇ-പേ വഴി |

സ്വീകരിക്കാൻ നടപടിയെടുത്തുവരുന്നുണ്ട്. ഇതിൽ റെയിൽവെ ടിക്കറ്റുകളുടെ റിസർവേഷൻ, വാറ്റ് ഇ-ഫയലിംഗ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫീസ് മുതലായവ ഉൾപ്പെടുന്നു. ഇതിനു പുറമെ വോഡാഫോൺ, റ്റാറ്റാ ഇൻഡികോം കമ്പനികളുടെ ബില്ലുകളും, ഐ.സി.ഐ.സി.ഐ. പ്രുഡൻഷ്യൽ കമ്പനിയുടെ ലൈഫ് ഇൻഷുറൻസ് തുകയും, കേരള, കണ്ണൂർ യൂണിവേഴ്സിറ്റികളുടെ ബില്ലുകളും, പല വെൽഫയർ ഫണ്ട് ബോർഡുകളുടെ തുകകളും സ്വീകരിക്കാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്.

| | | | |
|---|---|---|---|
| ഇ) | സെക്രട്ടേറിയറ്റിലെ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ? | ഇ) | 2004 ൽ ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായാണ് സെക്രട്ടേറിയറ്റിലെ തീർപ്പുഫയലുകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്ന നടപടി ആരംഭിച്ചത്. 1991 മുതൽ 2008 വരെ റിക്കോർഡ് റൂമിൽ സൂക്ഷിച്ചിട്ടുള്ള ഫയലുകൾ ഇപ്രകാരം ഡിജിറ്റലൈസ് ചെയ്തുവരുന്നു. ഡിജിറ്റലൈസ് ചെയ്തിട്ടുള്ള ഓരോ വകുപ്പിന്റേയും ഫയലുകൾ ഇപ്രകാരമാണ്. പൊതുഭരണ വകുപ്പ് 34,846, പൊതുവിദ്യാഭ്യാസ വകുപ്പ് 52,494, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 23,231, ഭവന വകുപ്പ് 1143, കൃഷി വകുപ്പ് 16,584, വനം വന്യജീവി വകുപ്പ് 9159, സഹകരണം 8127, ആഭ്യന്തരം 33,062, തദ്ദേശ ഭരണം 25,556, ഭക്ഷ്യ വകുപ്പ് 5236, ഉന്നത വിദ്യാഭ്യാസം 22,554, സ്റ്റോഴ്സ് പർച്ചേസ് 652, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 1649, വ്യവസായ വകുപ്പ് 11920, റവന്യൂ 25,207, ആസൂത്രണം 4081, തൊഴിൽ 20159, പൊതുമരാമത്ത് 8732, മത്സ്യബന്ധന തുറമുഖം 5220, ഗതാഗതം 1924, ജലവിഭവം 17623, പട്ടികജാതി പട്ടികവർഗ്ഗം 11308, നികുതി 8850, വിവര സാങ്കേതിക വകുപ്പ് 827, സാമൂഹ്യക്ഷേമം 4069, ഊർജ്ജ വകുപ്പ് 3135. ഇപ്രകാരം ഡിജിറ്റലൈസ് ചെയ്ത തീർപ്പു ഫയലുകൾ ലോക്കൽ ഏരിയ നെറ്റ് വർക്കിലൂടെ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കെൽട്രോൺ വഴിയാണ് ഈ സംരംഭം നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ ഡിജിറ്റലൈസ് ചെയ്ത ഫയലുകൾ വകുപ്പ് സെക്രട്ടറിമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## അനുബന്ധം – എ

ഇലക്ട്രോണിക് ഭരണ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 3 അടിസ്ഥാന സൗകര്യങ്ങളായ കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ), സ്റ്റേറ്റ് ഡേറ്റാ സെന്റർ (എസ്.ഡി.സി), സർവ്വീസ് ഗേറ്റ്‌വേ എന്നിവ കേരളത്തിൽ നടപ്പാക്കി. കേരളത്തെ മുഴുവൻ നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിന് കെസ്വാൻ എന്ന പേരിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമായി സ്റ്റേറ്റ് ഡേറ്റ സെന്റർ, വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി അക്ഷയ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കപ്പെട്ടു. സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം ത്വരിതപ്പെടുത്തുന്നതിന് സെക്രട്ടേറിയറ്റ് ലോക്കൽ ഏരിയ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തുകയും ഫയലുകളുടെ സ്ഥിതി ഓൺലൈനാക്കുന്നതിനായി ഐഡിയാസ് എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ കൊണ്ടുവന്നു. ഫയലുകൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിന് കടലാസ് രഹിത പദ്ധതിയായ മെസ്സേജ് നടപ്പിലാക്കി വരുന്നു.

സ്പാർക്ക് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഉദ്യോഗസ്ഥരുടെ ശമ്പളവും, സർവ്വീസ് സംബന്ധമായ കാര്യങ്ങളും ഓൺലൈൻ ആയി നടത്തിവരുന്നു.

ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്താകെ ഫ്രണ്ട്സ് എന്ന പദ്ധതി നടപ്പിലാക്കി. കേരളത്തിലെ സർക്കാരിന്റെ ഭരണ കേന്ദ്രത്തിൽ നിന്ന് ജില്ലാ ഭരണ കേന്ദ്രങ്ങളുമായി ആശയവിനിമയം നടത്തുന്നതിനായി വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പിലാക്കി.

സംസ്ഥാന സർക്കാരിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ വെബ്സൈറ്റുകളും കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്കിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയും അത് ജീവനക്കാർക്ക് തന്നെ അപ്ഡേറ്റ് ചെയ്യാവുന്നതുമാണ്. കൂടാതെ നാഷണൽ പോർട്ടലിലും വിവരങ്ങൾ ലഭ്യമാണ്.

ഇലക്ട്രോണിക് ഭരണസംവിധാനം വിപുലപ്പെടുത്തുന്നതിന് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗവും ഈ സർക്കാർ പരമാവധി പ്രയോജനപ്പെടുത്തുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയറിന് ആവശ്യമായ മനുഷ്യവിഭവശേഷി സമാഹരിക്കുന്നതിന് എറണാകുളത്ത് കാറ്റ്ഫോസ് എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിച്ചു. ഒരു അന്താരാഷ്ട്ര കേന്ദ്രം തിരുവനന്തപുരത്ത് തുടങ്ങുന്നതിനുള്ള പരിശ്രമം പുരോഗമിക്കുന്നു.

സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളുടെയും അവിടെ ലഭ്യമാകുന്ന സേവനങ്ങളുടെയും വിവരങ്ങൾ ഭൂമിശാസ്ത്രപരമായ ഘടനയോടുകൂടി ജനങ്ങൾക്ക് ലഭ്യമാക്കാൻ ഐ.ജി.എസ്.ജി. എന്ന പദ്ധതി നടപ്പിൽ വരുന്നുണ്ട്.

പൊതുജനങ്ങൾക്ക് ഭരണ സംബന്ധമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിന് സിറ്റിസൺ കോൾ സെന്റർ പ്രവർത്തിപ്പിക്കുന്നു.

കൃഷിക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും കൃഷി ഉല്പന്നങ്ങളുടെ വിപണനത്തിനാവശ്യമായ പിന്തുണ നൽകുന്നതിനും ഇ-കൃഷി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

സർക്കാർ ജീവനക്കാർക്ക് ഭരണപരമായ ആശയ വിനിമയം നടത്താൻ ഇ-മെയിൽ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ ജോലികളും, ഗുഡ്സുകളും, സേവനങ്ങളും പ്രൊക്യൂർ ചെയ്യുന്നതിനായി ഒരു ഇ-ഗവേണൻസ് പ്രൊക്യൂർമെന്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. മൊബൈൽ വഴി ഭരണ സംവിധാനം വിപുലപ്പെടുത്തുന്നതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനം മൊബൈൽ അടിസ്ഥാനമായിട്ടുള്ള പദ്ധതിയായ ഫോ. എസ്.എം.എസ്., എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ എന്നിവയും ഐ.ടി. മിഷൻ നടപ്പിലാക്കുന്നു.

ജില്ലാതല ഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇ-ഡിസ്ട്രിക്ട്, ഡിസ്ട്രിക്ട് പോർ. ഡി.സി. സ്യൂട്ട് എന്നീ പദ്ധതികളും നടപ്പിൽ വരുന്നുണ്ട്.

(signature)
Section Officer.

## അനുബന്ധം ബി

കെസ്വാൻ, മലപ്പുറം നെറ്റ്‌വർക്ക്, സെകാൻ, സ്റ്റേറ്റ് ഡേറ്റാ സെന്റർ തുടങ്ങിയ ഐ.ടി.ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത് ഐ.ടി. മിഷനാണ്. അക്ഷയ, ഫ്രണ്ട്സ്, സിറ്റിസൺ കാൾ സെന്റർ, ഇൻസൈറ്റ്, എന്റെ ഗ്രാമം, മലയാളം കമ്പ്യൂട്ടിംഗ് തുടങ്ങി ഐ.ടി. യെ ജനങ്ങളിൽ എത്തിക്കുവാനുള്ള പല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. സ്പാർക്ക് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഉദ്യോഗസ്ഥരുടെ ശമ്പള പട്ടിക കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന പദ്ധതി, മെസ്സേജ് എന്ന സോഫ്റ്റ് വെയർ വഴിയുള്ള ഡിജിറ്റൽ ഫയൽ നീക്കങ്ങൾ. ഐഡിയാസ്. ആസ്തി തുടങ്ങിയ പദ്ധതികളും ഐ.ടി. മിഷന്റേതാണ്. ഇ-പ്രൊക്യുർമെന്റ്, ഇ മെയിൽ സെർവർ, പി.കെ.ഐ. ആന്റ് എസ്.ഡി.സി, വീഡിയോ കോൺഫറൻസിങ് തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഐ.ടി. മിഷന്റേതാണ്.

മൊബൈൽ ഗവേണൻസിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യവികസനവും, മൊബൈൽ അടിസ്ഥാനമാക്കിയുള്ള പദ്ധതികളായ ഡോ.എസ്.എം.എസ്, എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ എന്നിവയും ഐ.ടി. മിഷന്റെ ഉത്തരവാദിത്വത്തിൽപ്പെടുന്നു. സ്വതന്ത്ര സോഫ്ട്‌വെയർ പ്രചരിപ്പിക്കുന്നതിനായി ഒരു അന്താരാഷ്ട്ര കോൺഫറൻസും സംഘടിപ്പിക്കുന്നുണ്ട്. സ്വതന്ത്ര സോഫ്ട്‌വെയറിന്റെ പഠനത്തിനും ഗവേഷണത്തിനും അന്താരാഷ്ട്ര കേന്ദ്രവും സ്വതന്ത്ര സോഫ്ട്‌വെയറിന്റെ പരിശീലനത്തിനായി എറണാകുളത്ത് ഒരു ദേശീയ പരിശീലന കേന്ദ്രവും ഐ.ടി. മിഷന്റേതായിട്ടുണ്ട്. എല്ലാ ഗവൺമെന്റ് വെബ്സൈറ്റുകളും കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്കിലേക്ക് മാറ്റാനും ഐ.ടി. മിഷൻ മുൻകൈ എടുക്കുന്നുണ്ട്. മറ്റ് ഇ-ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്, ഇ-കൃഷി, ഇ-പേ, ഐ.ജി.എസ്.ജി, എൻ.പി.ഐ, പി.എസ്.യു. വർക്ക്ഷോപ്പ്, സുതാര്യ കേരളം എന്നിവയ്ക്ക് ആവശ്യമായ പിന്തുണ ഐ.ടി. മിഷൻ നൽകുന്നുണ്ട്.

ഐ.ടി. മേഖലയ്ക്ക് ആവശ്യമായ മനുഷ്യ വിഭവശേഷി സൃഷ്ടിക്കുന്നതിനായി പല പദ്ധതികളും ഐ.ടി. മിഷൻ നടപ്പാക്കുന്നുണ്ട്. S@kerala എന്ന പദ്ധതി ഉടൻ നിലവിൽ വരുന്ന ഒന്നാണ്.

(signature)
Section Officer.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 157

16.09.2009-ൽ
മറുപടിയ്ക്ക്

## "ശബരിമല മാസ്റ്റർ പ്ലാൻ"

ചോദ്യം
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ. കെ.സി.രാജഗോപാലൻ
ശ്രീ. വി.എൻ.വാസവൻ
ശ്രീ. എം.കെ.പുരുഷോത്തമൻ
ശ്രീ. ആർ.സെൽവരാജ്

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) അദ്ധ്യക്ഷനായും, ദേവസ്വം ബോർഡ് മെമ്പർമാർ (നിലവിലുണ്ടെങ്കിൽ), ദേവസ്വം കമ്മീഷണർ, ബോർഡ് ചീഫ് എഞ്ചിനിയർമാർ, കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ, മുഖ്യ വനപാലകൻ ഇക്കോസ്മാർട്ട് പ്രതിനിധി എന്നിവർ പ്രധാന അംഗങ്ങളായും ഒരു ഉന്നതാധികാരസമിതി രൂപീകരിച്ചിട്ടുണ്ട്.ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 02.04.2009 ലെ ഡി.ബി.പി 3/09 -ാം നമ്പർ ഉത്തരവു മുഖേന) പ്രസ്തുത ഉന്നതാധികാര സമിതി എല്ലാ ആഴ്ചയും യോഗം ചേരുകയും പദ്ധതികൾ വിശകലനം ചെയ്യുകയും പ്രവൃത്തികൾ അവലോകനം ചെയ്യുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. ബോർഡ് ചീഫ് കമ്മീഷണർ കൂടിയായ ബഹു.ദേവസ്വം വകുപ്പ് അഡീഷ

ണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മേൽ സമിതി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഉന്നതാധികാരസമിതിയുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ബോർഡിൽ ഒരു പ്രത്യേക ഓഫീസും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) മാസ്റ്റർ പ്ലാനിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന് മൊത്തം എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ 2006 ൽ തുടങ്ങി 2050 വർഷ കാലയളവുവരെയുള്ള ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2015 നകമുള്ള ആദ്യഘട്ടവും (ഉടനടി ചെയ്തു തീർക്കേണ്ടവ) 2016 മുതൽ 2050 വരെയുള്ള ദീർഘ കാലഘട്ടവും. കേരളം ഒന്നായിക്കണ്ട് ഓരോ എൻട്രി പോയിന്റ് തൊട്ട് തീർത്ഥാടകർ ഏതെല്ലാം ക്ഷേത്രങ്ങളും മറ്റും സന്ദർശിക്കുന്നോ അതിനെ അടിസ്ഥാനമാക്കിയുള്ള യാത്രാ സൗകര്യങ്ങൾ, താമസസൗകര്യങ്ങൾ, റോഡുകളുടെ വികസനം, ജലലഭ്യത, ശുചീകരണം മലിനീകരണ നിയന്ത്രണം, സീവേജ് ഡിസ്പോസൽ, ഖരമാലിന്യ നിർമ്മാർജ്ജനം മെഡിക്കൽ സൗകര്യങ്ങൾ, ക്യൂ കോംപ്ലക്സുകൾ, റോപ്പ്വേ, ശൗചാലയങ്ങൾ, സന്നിധാനം, പമ്പ മുതലായ സ്ഥലങ്ങളുടെ ആസൂത്രിത വികസനം, ബേസ് ക്യാമ്പുകളുടെ വികസനം മുതലായ പദ്ധതികൾ ശാസ്ത്രീയമായും പരിസ്ഥിതിക്കനുയോജ്യമായും വികസിപ്പിക്കുകയാണ് ലക്ഷ്യം. മാസ്റ്റർ പ്ലാനിൽ എല്ലാ പദ്ധതികൾക്കുമുള്ള പ്രത്യേക തുക വിലയിരുത്തിയിട്ടില്ല. എന്നാൽ ആദ്യഘട്ടത്തിലുള്ള വികസനത്തിന് 300 കോടി രൂപ വേണ്ടിവരുമെന്നാണ് മതിപ്പ് കണക്ക്.

(സി) ആദ്യഘട്ടത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) 2015 ൽ അവസാനിക്കുന്ന ആദ്യഘട്ടവും 2016 മുതൽ 2050 വരെയുള്ള ഘട്ടവുമുണ്ട്. ക്യൂ കോംപ്ലക്സ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, റോപ്പ്വേ, വഴികളുടെ വീതികൂട്ടൽ, ശൗചാലയങ്ങളുടെയും ബാത്ത്റൂമുകളുടെയും നിർമ്മാണം, അരവണ കോംപ്ലക്സ് നിർമ്മാണം, കാർഡിയോളജി സെന്ററുകളുടെ നിർമ്മാണം, വിരിഷെഡ്ഡുകളുടെയും വിശ്രമ കേന്ദ്രങ്ങളുടെയും നിർമ്മാണം, ഖരമാലിന്യ നിർമ്മാർജ്ജനം, ബേസ് ക്യാമ്പുകളുടെ വികസനം, എന്നിവയ്ക്കാണ് ആദ്യഘട്ടത്തിൽ മുൻതൂക്കം നൽകുന്നത്.

| | |
|---|---|
| (ഡി) മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ട്രസ്റ്റ് രൂപീകരിച്ച് സംഭാവന സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുവാനുള്ള നടപടികൾ ദേവസ്വം ബോർഡിൽ നടന്നുവരുന്നു. ട്രസ്റ്റ് ഡീഡിന്റെ (Trust Deed) കരട് രൂപം ബഹു.ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ ട്രസ്റ്റിനു ലഭിക്കുന്ന സംഭാവനകൾ ശബരിമലവികസന പദ്ധതികൾക്കു മാത്രം വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) ശബരിമല വികസനപദ്ധതികൾ മാത്രം നടപ്പിലാക്കുവാൻ വേണ്ടിയാണ് ഈ ട്രസ്റ്റ് രൂപീകരിക്കുന്നത്. |

Sulathamma

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 158

16.9.2009 ൽ
മറുപടിയ്ക്ക്

# നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ ;<br>ശ്രീ.സി.കെ.പി.പത്മനാഭൻ ;<br>ശ്രീ. കെ.കെ.ദിവാകരൻ ;<br>ശ്രീ.എം.ജെ.ജേക്കബ്;<br>ശ്രീ.എ.സി.മൊയ്തീൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില നൽകുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) പാലക്കാട്, കുട്ടനാട് പ്രദേശങ്ങളിലും ഇവയോട് ചേർന്നു കിടക്കുന്ന കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലയിലും മലപ്പുറം ജില്ലയിലെ പൊന്നാനിയിലും കൂടാതെ ഈ കഴിഞ്ഞ സീസണിൽ കൊല്ലം ജില്ലയിലും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം നടത്തി. ഇതിനായി കൃഷി വകുപ്പിൽ നിന്നും 12 കൃഷി ഓഫീസർമാരെ പാഡി മാർക്കറ്റിംഗ് ഓഫീസർമാരായും അഞ്ചു കൃഷി ഓഫീസർമാരെ പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഓരോ സീസണിലും സംഭരണം നടക്കുമ്പോൾ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ സഹായിക്കുന്നതിന് കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ സേവനവും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നുണ്ട്. സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കുന്നതിന് സപ്ലൈകോയുമായി കരാറിലേർപ്പെട്ട സംസ്ഥാനത്തെ 65 ഓളം മോഡേൺ റൈസ് മില്ലുകൾക്കാണ് ഈ സീസണിൽ ചുമതല നൽകിയിരുന്നത്. ഈ മില്ലുകളുടെ നെല്ല് സംസ്കരണം ഏറെക്കുറെ പൂർത്തിയായി വരുന്നു. സീസണുകൾ തോറും |

വർദ്ധിച്ചു വരുന്ന സംഭരണത്തിന്റെ അളവും പ്രതികൂലമായ ഏത് സാഹചര്യവും കണക്കിലെടുത്ത് വളരെ വിപുലമായ ക്രമീകരണങ്ങളാണ് സപ്ലൈകോ നടത്തി വരുന്നത്. 2008-09 രണ്ടാം വിളവെടുപ്പിൽ കർഷക രജിസ്ട്രേഷൻ 31.1.09 വരെയായിരുന്നുവെങ്കിലും കർഷകരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭ്യർത്ഥന മാനിച്ച് 15.2.09 വരെ നീട്ടിയിരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചില സ്ഥലങ്ങളിൽ വൈകി കൃഷിയിറക്കിയ കർഷകരുടെ അഭ്യർത്ഥന പ്രകാരം ഈ സ്ഥലങ്ങളിൽ രജിസ്ട്രേഷനുള്ള തീയതി 26.3.09 വരെ നീട്ടിയിരുന്നു. കുട്ടനാട്ടിലും പാലക്കാടും കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൊയ്ത്തുയന്ത്രങ്ങൾ ധാരാളം ഉപയോഗിക്കുന്നത് കണക്കിലെടുത്ത് കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകാർക്ക് ആവശ്യമായ നിർദ്ദേശം നല്കുകയും മോണിറ്ററിംഗ് നടത്തിയതിന്റെയും ഫലമായി പരാതിക്ക് ഇടനൽകാതെ റെക്കോർഡ് വേഗത്തിൽ സംഭരണം നടത്തുകയും ചെയ്തു. കൂടാതെ കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിളവെടുപ്പ് കൂടുതലുള്ള മാസങ്ങളിൽ നെല്ലു സംഭരണത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഹെഡ് ഓഫീസിൽ എല്ലാ ദിവസവും അവലോകനം ചെയ്യുകയും സ്ഥിതിഗതികൾ വിലയിരുത്തി വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം അവധി ദിവസങ്ങൾ (ഞായർ) ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും ലഭ്യമായിരുന്നു. കൂടാതെ ഹെഡ് ഓഫീസിലെ കൺട്രോൾ റൂമിന്റെ പ്രവർത്തനവും ഈ കാലയളവിൽ ഊർജ്ജിതപ്പെടുത്തി. നെല്ലു സംഭരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. അതുവഴി കർഷകർക്ക് വില നൽകുന്നതിനും സർക്കാരിലേക്ക് കണക്കുകൾ സൂക്ഷിക്കുന്നതിനും സുതാര്യതയും അതിവേഗതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതേ ക്രമീകരണങ്ങൾ വരുന്ന സീസണിലും (2009-10) തുടരുന്നതാണ്. 2009-10 ഒന്നാം സീസണിലെ കർഷകരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു. സംഭരണം സെപ്തംബർ മൂന്നാം വാരത്തോടെ ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി) | നിലവിലെ സംഭരണ വില എത്രയാണ് ; കേന്ദ്ര സർക്കാരിന്റെ സംഭരണ വില എത്രയാണ് ; | ബി) | നിലവിലെ സംഭരണ വില (2008-09 സീസൺ) കിലോ ഗ്രാമിന് 11 രൂപയാണ്. കേന്ദ്ര സർക്കാരിന്റെ സംഭരണ വില കിലോ ഗ്രാമിന് 9 രൂപയായിരുന്നു. |

| | | | |
|---|---|---|---|
| സി) | ഈ സീസണിൽ എത്ര ക്വിന്റൽ നെല്ല് സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) | 2009–10 സീസണിൽ ഏകദേശം 40,00,000 ക്വിന്റൽ നെല്ല് സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| ഡി) | കർഷകർക്ക് സംഭരണ വില കാലവിളംബം ഇല്ലാതെ ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | ഡി) | കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് സബ്സിഡി ഇനത്തിൽ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുള്ള എല്ലാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് കാലതാമസം ഇല്ലാതെ നെല്ലിന്റെ വില നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി വായ്പ ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ? | ഇ) | നിലവിൽ സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ല് അരിയാക്കി മാറ്റുന്നതിന് 65ഓളം വരുന്ന സ്വകാര്യ മില്ലുകളെയാണ് കരാർ പ്രകാരം ഏൽപ്പിക്കുന്നത്. ഈ മില്ലുകൾ അവരുടെ സ്ഥാപിത ശേഷിക്കനുസൃതമായി നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നെല്ല് സംസ്കരിച്ച് അരിയാക്കി നൽകിക്കൊണ്ടിരിക്കുന്നുണ്ട്. എന്നിരുന്നാലും ഇനിയും കാര്യക്ഷമതയുള്ള കൂടുതൽ മില്ലുകൾ ഈ പദ്ധതിയിൽ വരുകയാണെങ്കിൽ സംസ്കരണം കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ:159.

16..9..2009-ൽ മറുപടിക്ക്

### ''അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പാലിന്റെ ഗുണനിലവാരം''

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ.:<br>ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.:<br>ശ്രീ. സി.എം. ദിനേശ് മണി എം.എൽ.എ:<br>ശ്രീ. കെ.ടി. ജലീൽ എം.എൽ.എ.: | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നതിന് നിയന്ത്രണങ്ങളൊന്നും നിലവിലില്ല. |
| (ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ടാങ്കർ ലോറികളിൽ വരുന്ന പാൽ, കവർപാൽ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും ഗുണനിലവാര പരിശോധനയും നിയന്ത്രണവും നിർവ്വഹിക്കുന്നത് ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി കമ്മീഷണറാണ്. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമം (പി.എഫ്.എ. ആക്ട്), അവശ്യ സാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ വരുന്ന ''മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ'' എന്നിവ പ്രകാരവുമാണ് നിലവിൽ പാൽ ഗുണനിലവാര പരിശോധന നടത്തുന്നത്. ക്ഷീര വികസന വകുപ്പിന്റെ ജില്ലാ തല ഓഫീസുകളിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഗ്രേഡിലുള്ള ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ, സംസ്ഥാനത്ത് വിപണനം നടത്തുന്ന അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതുൾപ്പെടെയുള്ള പാൽ ബ്രാന്റുകളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ജില്ലാതല പരിശോധന ലബോറ |

ട്ടറികൾക്കു പുറമെ, പാലക്കാട് ജില്ലയിലെ ആലത്തൂരിൽ എം.എം.പി.ഒ പ്രകാരം അംഗീകാരം ലഭിച്ച ഒരു ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഓണം തുടങ്ങിയ വിശേഷ ഉത്സവ വേളകളിൽ പ്രധാന ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് താൽക്കാലിക പരിശോധന സംവിധാനങ്ങളും ഏർപ്പെടുത്താറുണ്ട്. ഇതിനു പുറമെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതുൾപ്പെടെ മിൽമ സംഭരിക്കുന്ന മുഴുവൻ പാലും മിൽമയുടെ എല്ലാ ഡയറി പ്ലാന്റിനോടനുബന്ധിച്ചുള്ള ഗുണനിലവാര പരിശോധന ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയാണ് മിൽമ ഉപഭോക്താക്കൾക്ക് പാൽ ലഭ്യമാക്കുന്നത്. ഇതു കൂടാതെ, പാലും പാലുല്പന്നങ്ങളും കാലിത്തീറ്റയും ശാസ്ത്രീയമായി പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി 2 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ഡയറി ലാബിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇവയ്ക്കെല്ലാം പുറമെ, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമ (പി.എഫ്.എ. ആക്ട്) പ്രകാരം ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ അനലിസ്റ്റ് ലാബുകളിലും പാലിന്റെ ഗുണനിലവാര പരിശോധന നടത്തി വരുന്നുണ്ട്.

(സി) ഓണക്കാലത്ത് ഗുണമേന്മയുള്ള പാൽ വിതരണം ചെയ്യുന്നതിന് ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഓണക്കാലത്ത് ഗുണമേന്മയുള്ള പാൽ വിതരണം ചെയ്യുന്നതിനായി അതിർത്തി ജില്ലകളിലെ ചെക്ക് പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിന് പ്രത്യേക പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. അതിനു പുറമെ, സംസ്ഥാനത്തെ 14 ജില്ലാതല പരിശോധന ലബോറട്ടറികളിൽ ഓണക്കാലത്ത് കൂടുതൽ പാൽ സാമ്പിളുകൾ പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പാടു ചെയ്തിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മിൽമ കൊണ്ടുവന്ന പാൽ അവിടെ വച്ച് തന്നെ ഗുണനിലവാരം പരിശോധിച്ചതിനുശേഷമാണ് സംസ്ഥാനത്തേയ്ക്കുള്ള

ടാങ്കറുകളിൽ നിറച്ചത്. സംസ്ഥാനത്ത് പാൽ എത്തിയതിനു ശേഷം വിതരണം നടത്തുന്നതിന് മുമ്പ് മിൽമ വീണ്ടും അതിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുകയുണ്ടായി. ഇവയ്ക്കു പുറമെ, പാലിൽ മായം ചേർക്കുന്നതു തടയാൻ, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ എറണാകുളത്തു നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ അവിടെ വില്പനയിലുണ്ടായിരുന്ന ആരോഗ്യ, പെന്റാഫ്രെഷ്, പാലിക, പൂജ എന്നീ ബ്രാന്റുകളിലും, കോഴിക്കോട് നടത്തിയ പരിശോധനയിൽ, ആരോഗ്യ ബ്രാന്റിലും മായം ചേർത്തതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ വില്പന നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പാലിൽ മായം ചേർക്കുന്നതു തടയാൻ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഡി) പാലിൽ മായം ചേർക്കുന്നതു തടയുവാനായി, ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമ പ്രകാരം ആരോഗ്യ വകുപ്പും, അവശ്യസാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ വരുന്ന മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ പ്രകാരം ക്ഷീരവികസന വകുപ്പും കർശന നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 160

16.09.2009 - ൽ മറുപടിയ്ക്ക്

പദ്ധതി നടത്തിപ്പു സംബന്ധിച്ച ഫയലുകൾ

ചോദ്യം

ശ്രീ: വി.ഡി.സതീശൻ
ശ്രീ: സി.പി.മുഹമ്മദ്
ശ്രീ: തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. വി. എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) പദ്ധതി നടത്തിപ്പു സംബന്ധിച്ച ഫയലുകളുടെ നീക്കവും അതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികളും പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ;

എ) പരിഗണനയിലില്ല.

ബി) ഈ സംവിധാനത്തിൽ ഉദ്യോഗസ്ഥന്മാർ അല്ലാത്തവർ ഉണ്ടാകുമോ;

ബി) ബാധകമല്ല

സി) ഇത്തരത്തിലുള്ള ഫയലുകളിൽ താമസം കൂടാതെ തീരുമാനമെടുക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്?

സി)
1. ഓരോ പദ്ധതിയുടെയും അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിലും സെക്രട്ടറി തലത്തിലും സെക്രട്ടറിമാരുടെ കമ്മിറ്റി തലത്തിലും ഭരണാനുമതി നൽകുന്ന പ്രക്രിയ ലളിതമാക്കിയിട്ടുണ്ട്.
2. പുതിയ പദ്ധതി, തുടർ പദ്ധതി എന്നിവയുടെ നിർവചനമടക്കം ഭരണാനുമതി നൽകുന്നതിലേയ്ക്കായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
3. കേന്ദ്രാവിഷ്കൃത, കേന്ദ്ര സഹായ പദ്ധതികളുടെ ക്ലിയറൻസ് സംബന്ധമായ കാര്യങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയിൽ വച്ച് മുൻഗണനാടിസ്ഥാനത്തിൽ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161 16-09-2009 ന് മറുപടിക്ക്

വനം കൈയ്യേറ്റം തടയുന്നതിനും അന്യാധീനപ്പെട്ട വനഭൂമി തിരിച്ചുപിടിക്കുന്നതിനും നടപടി

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ:
" കെ.വി. രാജഗോപാലൻ:
ശ്രീമതി കെ.എസ്. സലീഖ:
ശ്രീ. വി. ജെ. തങ്കപ്പൻ:
" അൽഫോൺസ് കണ്ണന്താനം:

**ഉത്തരം**

ശ്രീ.ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) വനം കയ്യേറ്റം തടയുന്നതിനും അന്യാധീനപ്പെട്ട വനഭൂമി തിരിച്ചു പിടിക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ റവന്യൂ-പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ചു വരുന്നു. പുതിയ കയ്യേറ്റങ്ങൾ അപ്പോൾതന്നെ ഒഴിപ്പിക്കുന്നുണ്ട്. 1-1-1977ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 8-11-2002 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന കമ്മിറ്റിയും 6-3-2003-ലെ ജി.ഒ(എം.എസ്) 15/03/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ

| | |
|---|---|
| | ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും നൽകിവരുന്നു. |
| (ബി) എത്ര ഏക്കർ ഭൂമി റിസർവ് വനമായി ഏറ്റെടുത്തിട്ടുണ്ട്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12645.78 ഹെക്ടർ ഭൂമികൂടി റിസർവ് വനമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. |
| (സി) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരുന്ന എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ചു വെന്ന് അറിയിക്കുമോ; | (സി) ഹാരിസൺമലയാളം പ്ലാന്റേഷന് പാട്ടവ്യവസ്ഥയിൽ ചാലക്കുടി ഡിവിഷനിൽനിന്നും നൽകിയിരുന്ന വനഭൂമി, പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ സർക്കാർ ഉത്തരവ് GO(MS)44/07/RD തീയതി 8-2-2007 പ്രകാരം 22.45ഹെ. സ്ഥലവും, സർക്കാർ ഉത്തരവ് GO (MS) 12/09/F&WLD തീയതി 7-2-2009 പ്രകാരം 4896.65 ഏക്കർ (1981.64 ഹെക്ടർ) സ്ഥലവും സർക്കാരിലേക്ക് ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. ഇതിൽ 4896.65 ഏക്കർ സ്ഥലം ഏറ്റെടുത്തതിനെതിരെ കമ്പനി ഇരിഞ്ഞാലക്കുട സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.141/09 കേസിൽ 24-3-09 തീയതിയിലെ താൽക്കാലിക ഉത്തരവനുസരിച്ച് ടി സ്ഥലം കമ്പനിയുടെ കൈവശത്തിൽതന്നെ തുടരുകയാണ്. |
| (ഡി) പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) നെൻമാറ ഡിവിഷന്റെ പരിധിയിൽ വരുന്ന റോസറി എസ്റ്റേറ്റ് (242.69 ഏക്കർ), ക്ലിഫ്‌വ്യൂ എസ്റ്റേറ്റ് (19.82), തൃത്തമ്പാറ എസ്റ്റേറ്റ് (351.36 ഏക്കർ) എന്നീ എസ്റ്റേറ്റുകൾ പാട്ടക്കാലാവധി കഴിഞ്ഞതിനാൽ സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. |
| (ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം വനഭൂമിയുടെ വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഗമണ്ണിൽ 440.06 ഹെക്ടർ, കുറിഞ്ഞിമലയിൽ 3200 ഹെക്ടർ, മാങ്കുളത്ത് 9005.72 ഹെക്ടർ എന്നിങ്ങനെ ആകെ 12645.78 ഹെക്ടർ റിസർവ് വനമാക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നുണ്ട്. |

Ayyappan

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 162

16-09-2009 -ൽ മറുപടിയ്ക്ക്

## ചില്ലറവ്യാപാരരംഗത്ത് ബഹുരാഷ്ട്രകുത്തകകളുടെ കടന്നുവരവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ. പി.കെ.അബ്ദുറബ്ബ് | | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ചില്ലറവ്യാപാര രംഗത്ത് ബഹുരാഷ്ട്ര കുത്തക വ്യാപാരികളുടെ രംഗപ്രവേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം സ്ഥാപനങ്ങൾ ചെറുകിട കച്ചവടക്കാർക്ക് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന കാര്യം അറിവിൽ പെട്ടിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. |
| (സി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ നീക്കം തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (സി) | ചില്ലറ വ്യാപാര രംഗത്തേയ്ക്ക് വൻകിട കുത്തക വ്യാപാര സ്ഥാപനങ്ങളുടെ കടന്നുവരവിന് നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് നൽകാൻ നിയമം, തദ്ദേശ സ്വയംഭരണം, ഭക്ഷ്യ പൊതുവിതരണം, പരിസ്ഥിതി, വ്യവസായം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരുടെ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ച് വരികയുമാണ്. |

| | |
|---|---|
| (ഡി) സർക്കാരിന്റെ എന്തെങ്കിലും നടപടിയുടെ ഫലമായി ഇത്തരത്തിലുള്ള ഏതെങ്കിലും ബഹുരാഷ്ട്രകുത്തകകൾ സംസ്ഥാനത്തെ അവരുടെ വ്യാപാരം അവസാനിപ്പിച്ചു പോയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 163

16.09.09-ൽ
മറുപടിക്ക്

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗസാധനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. അനിരുദ്ധൻ<br>" പി. തിലോത്തമൻ<br>" കെ. അജിത്<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളെ ശബരി സ്റ്റോറുകളാക്കി മാറ്റി ആയതിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റിലൂടെ വിൽക്കുന്ന എല്ലാ സാധനങ്ങളും ശബരി സ്റ്റോറുകൾ വഴി ഇപ്രകാരം വിതരണം ചെയ്യുന്നുണ്ട്. ശബരി സ്റ്റോറുകൾക്ക് ആവശ്യമായ വിൽപ്പന വസ്തുക്കൾ സപ്ലൈകോ ആണ് വിതരണം നടത്തുന്നത്. |
| (ബി) റേഷൻ കടകൾ ലാഭം മാർക്കറ്റുകളാക്കാനുള്ള പദ്ധതിയുണ്ടോ; എങ്കിൽ എത്ര റേഷൻ കടകൾ; ഇതിനകം എത്ര കടകൾ ലാഭം മാർക്കറ്റുകളാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) റേഷൻ കടകൾ ലാഭം മാർക്കറ്റുകളാക്കുവാൻ പദ്ധതിയില്ല. |

(സി) റേഷൻ കടകളെക്കുറിച്ചുള്ള പരാതികൾ(സി) പരിഹരിക്കുന്നതിന് ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര ഫോറങ്ങൾ നടത്തി; ഈ ഫോറത്തിൽ പങ്കെടുക്കുന്നവർ ആരെല്ലാം; ഇതിനകം ഈ ഫോറങ്ങളി ലൂടെ എത്ര പരാതികൾ പരിഹരി ച്ചിട്ടുണ്ടെന്ന് വിശദമാ ക്കുമോ?

റേഷൻ കടകളെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, വയനാട്. കാസർഗോഡ് ജില്ലകളിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷ കാലയളവിൽ 18 ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കുക യുണ്ടായി. ജില്ലാ കളക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, റേഷൻ ചില്ലറ/മൊത്ത വ്യാപാരി പ്രതിനിധി കൾ, ജനപ്രതിനിധികൾ, രാഷ്ട്രീയപ്പാർട്ടിക ളുടെ പ്രതിനിധികൾ, ഉപഭോക്താക്കൾ എന്നിവർ ഫോറത്തിൽ പങ്കെടുക്കാറുണ്ട്. കഴിഞ്ഞ ഒരു വർഷകാലയളവിൽ ഫോറത്തിൽ ലഭിച്ച 564 പരാതികൾ പരിഹരി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 164 — 16.09.2009 - ൽ മറുപടിയ്ക്ക്

## പഞ്ചസാര ഇറക്കുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. എ. എം. ആരിഫ്.<br>ശ്രീമതി. ജെ. അരുന്ധതി ;<br>ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പഞ്ചസാരയുടെ വിലക്കയറ്റം തടയുന്നതിനായി വിദേശ രാജ്യത്തു നിന്നും പഞ്ചസാര ഇറക്കുമതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ)യും (ബി)യും<br><br>പഞ്ചസാര വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യതാ പഠനം നടത്തി വരുന്നു. |
| (ബി) വിദേശ രാജ്യത്തു നിന്നും പഞ്ചസാര ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുണ്ടോ ; എങ്കിൽ ഏതു രാജ്യത്തു നിന്നും ഇറക്കുമതി ചെയ്യാനാണ് അനുമതി തേടിയതെന്ന് വ്യക്തമാക്കുമോ ; | |
| (സി) പൊതു വിതരണത്തിനായി സംസ്ഥാനത്തിന് കേന്ദ്രം എത്ര മെട്രിക് ടൺ പഞ്ചസാരയാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത് ; കഴിഞ്ഞ അഞ്ചു വർഷം കേന്ദ്രം അനുവദിച്ച പഞ്ചസാര ക്വാട്ട സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (സി) പൊതു വിതരണത്തിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ (സെപ്തംബർ അലോട്ട്മെന്റ് മാസം വരെ) കേന്ദ്രം 28279.20 മെട്രിക് ടൺ ലെവി പഞ്ചസാരയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 20052.80 മെട്രിക് ടൺ പഞ്ചസാര പൊതു വിതരണത്തിന് നൽകുന്നതിനായി മില്ലുകളിൽ നിന്നും വിട്ടെടുത്തിട്ടുള്ളത്. ബാക്കിയുള്ള 8226.40 മെട്രിക് ടൺ പഞ്ചസാര മില്ലുകളിൽ നിന്നും വിട്ടെടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷം കേന്ദ്രം അനുവദിച്ച പഞ്ചസാര താഴെ പറയും പ്രകാരമാണ്. |

2004-05 സാമ്പത്തിക വർഷത്തിൽ 52947.2മെട്രിക്ടൺ
2005-06 സാമ്പത്തിക വർഷത്തിൽ 55958.4മെട്രിക്ടൺ
2006-07 സാമ്പത്തിക വർഷത്തിൽ 53805.2മെട്രിക്ടൺ
2007-08 സാമ്പത്തിക വർഷത്തിൽ 61511.6മെട്രിക് ടൺ
2008-09 സാമ്പത്തിക വർഷത്തിൽ 58609.8മെട്രിക് ടൺ
മേൽപ്രകാരം അനുവദിക്കപ്പെടുകയുണ്ടായ പഞ്ചസാരയിൽ നിന്നും ഓരോ സാമ്പത്തികവർഷവും താഴെപ്പറയുന്ന പ്രകാരം പഞ്ചസാര പൊതു വിതരണത്തിന് നൽകുന്നതിനായി മില്ലുകളിൽ നിന്നും വിട്ടെടുത്തിട്ടുണ്ട്.

2004-05 സാമ്പത്തിക വർഷത്തിൽ 27201.10മെട്രിക്ടൺ
2005-06 സാമ്പത്തിക വർഷത്തിൽ 37462.40മെട്രിക്ടൺ
2006-07 സാമ്പത്തിക വർഷത്തിൽ 46921.30മെട്രിക്ടൺ
2007-08 സാമ്പത്തിക വർഷത്തിൽ 49901.90മെട്രികടൺ
2008-09 സാമ്പത്തിക വർഷത്തിൽ 52998.20മെട്രിക്ടൺ

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 165

16.09.09-ൽ മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ<br>" പി. വിശ്വൻ<br>" വി.ജെ. തങ്കപ്പൻ<br>" എം.കെ. പുരുഷോത്തമൻ<br>" ബി. രാഘവൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. നിർദ്ദിഷ്ട ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം പൊതു വിതരണം രാജ്യത്തെ ബി.പി.എൽ വിഭാഗത്തിന് മാത്രമായി പരിമിതിപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ബി.പി.എൽ കുടുംബത്തിനും പ്രതിമാസം 25 കി.ഗ്രാം ഭക്ഷ്യ ധാന്യങ്ങളാണ് കേന്ദ്രസർക്കാർ നിർദ്ദിഷ്ട നിയമപ്രകാരം അനുവദിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ കേന്ദ്രം 35 കി.ഗ്രാം ധാന്യം അനുവദിക്കുന്നുണ്ട്. ആയതിനാൽ പുതിയ നിയമം നിലവിൽ വരുന്നതോടെ അലോട്ട്മെന്റിൽ ഗണ്യമായ കുറവ് സംഭവിക്കും. ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ കാർഡുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതിനേക്കാൾ ഏകദേശം 5 ലക്ഷം കൂടുതലാണ്. എന്നാൽ പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതോടെ പ്ലാനിംഗ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള ബി.പി.എൽ കുടുംബങ്ങളെ മാത്രമേ അംഗീകരിക്കുകയുള്ളൂ. കേരളത്തിന് ആവശ്യമായ അരിയുടെ 15% മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ആയതിനാൽ ധാന്യത്തിനുപകരമായി ഫുഡ് സെക്യൂരിറ്റി അലവൻസ് അനുവദിക്കാമെന്ന നിയമത്തിലെ വ്യവസ്ഥ കേരളത്തിനെ സംബന്ധിച്ചിടത്തോളം ഗുണകരമല്ല. കൂടാതെ ഈ നിയമം നിലവിൽ വന്നാൽ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന അതേവിലയ്ക്ക് മാത്രമേ സംസ്ഥാനങ്ങൾക്ക് റേഷൻ സാധനങ്ങൾ വിൽക്കുവാൻ കഴിയുകയുള്ളൂ. സംസ്ഥാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഇപ്പോൾ സ്വന്തം നിലയിൽ ഏർപ്പെടുത്തി വരുന്ന സബ്സിഡി അതോടെ നിർത്തലാക്കപ്പെടുന്നതാണ്. ആയതിനാൽ സമൂഹത്തിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് അധിക സബ്സിഡി നൽകി കൊണ്ട് അത്തരം വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയാതെ വരും. |
| (ബി) | നിയമം അതേപടി നടപ്പാക്കി യാൽ സംസ്ഥാനത്ത് പൊതു വിപണിയിൽ ഉണ്ടാകുന്ന അപകടാവസ്ഥ കേന്ദ്ര സർക്കാ രിനെ ധരിപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഭക്ഷ്യ സുരക്ഷാ നിയമം ചർച്ച ചെയ്യുന്നതിന് സംസ്ഥാന സർക്കാർ മറ്റു സംസ്ഥാനങ്ങ ളിലെ ഭക്ഷ്യ മന്ത്രിമാരുടെ യോഗം വിളിക്കാൻ തീരുമാനിച്ചി ട്ടുണ്ടോ; എങ്കിൽ വ്യക്ത മാക്കുമോ; | (സി) | കേന്ദ്ര സർക്കാർ നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തേയും മറ്റ് സംസ്ഥാനങ്ങ ളെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ ടി പ്രശ്നം ചർച്ച ചെയ്യുവാനും സംസ്ഥാനങ്ങൾക്ക് അനുകൂലമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി രൂപീകരിക്കുവാനും വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യ വകുപ്പ് മന്ത്രിമാരുടെ ഒരു സമ്മേളനം 19.09.09ന് തിരുവനന്തപുരത്ത് കേരള സർക്കാരിന്റെ അഭിമുഖ്യത്തിൽ വിളിച്ചു ചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ദേശിയ തലത്തിൽ അനുഭവ പ്പെടുന്ന വിലക്കയറ്റം തടയാൻ കേന്ദ്ര സർക്കാർ സംസ്ഥാന ത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതികളോ സഹായ ങ്ങളോ നൽകിയിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ? | (ഡി) | വിലക്കയറ്റം തടയുവാൻ വേണ്ടി കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുവേണ്ടി പ്രത്യേകം പദ്ധതികളോ സഹായങ്ങളോ നൽകിയിട്ടില്ല. എന്നാൽ ഈ ഓണക്കാലത്ത് കിലോയ്ക്ക് 8.90 രൂപയ്ക്ക് 15000 മെ.ടൺ അരിയും ക്വിന്റലിന് 1388.06/1343.28 നിരക്കിൽ 35000 മെ.ടൺ അരിയും മെട്രിക് ടണ്ണിന് 10800/- രൂപ നിരക്കിൽ 25000 മെട്രിക് ടൺ ഗോതമ്പും കേരളത്തിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ചില പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്ത് സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ട്. എന്നാൽ വെളിച്ചെണ്ണയ്ക്ക് ഈ സബ്സിഡി നൽകണമെന്ന ആവശ്യം അംഗീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 166

16.09.2009-ൽ മറുപടിയ്ക്ക്

## "ദേവസ്വങ്ങളുടെ ഭൂമി"

ചോദ്യം

ശ്രീ. എം.പ്രകാശൻ മാസ്റ്റർ
ശ്രീമതി. പി.അയിഷാ പോറ്റി
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. സി.എച്ച്.കുഞ്ഞമ്പു
ശ്രീ. കെ.സി.കുഞ്ഞിരാമൻ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ദേവസ്വങ്ങളുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന പ്രദേശങ്ങളിൽ ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിനു കീഴിൽ മലബാറിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി കണ്ടെത്തുന്നതിനും ക്ഷേത്രഭൂമി അളന്ന് തിരിച്ച് അതിരുകെട്ടി സംരക്ഷിക്കുന്നതിനും, ഭൂമി സംബന്ധമായ രേഖകൾ ശരിയാക്കുന്നതിനുമായി ലാന്റ് റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ഡപ്യൂട്ടി കളക്ടർ റാങ്കിലുള്ളവരുടെ നേതൃത്വത്തിൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ അഞ്ച് ഡിവിഷനുകളിലും ടീമുകൾ പ്രവർത്തിച്ചു വന്നിരുന്നു. ഈ ടീമിന്റെ നിയന്ത്രണം ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ സ്പെഷ്യൽ ഓഫീസർക്കായിരുന്നു. മലബാർ ദേവസ്വം ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ടീമുകളുടെ കാലാവധി സർക്കാർ നീട്ടിക്കൊടുത്തിട്ടില്ല. ബോർഡ് രൂപീകൃതമായ ശേഷം മലബാറിലെ ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് ഒരു സ്പെഷ്യൽ തഹസീൽദാറും, സർവ്വേയറും ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ച് മലബാർ

ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു സ്പെഷ്യൽ തഹസീൽദാർ ഓഫീസ് ആരംഭിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്.

കൊച്ചി ദേവസ്വം ബോർഡിൽ കെ.എൽ.സി ആക്ട് പ്രകാരം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ നടപടികൾ നടന്നുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വങ്ങളുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ലാന്റ് സ്പെഷ്യൽ ഓഫീസറേയും, 1957 ലെ കേരള ഭൂസംരക്ഷണ നിയമം അനുസരിച്ചുള്ള ജില്ലാ കളക്ടറുടെ അധികാരങ്ങളോടു കൂടിയ ഒരു സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ലാന്റ് കൺസർവൻസി യൂണിറ്റിനെയും നിയോഗിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം ഭൂമിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറോട് ദേവസ്വം ആവശ്യപ്പെട്ടിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിന് ഒരു തഹസീൽദാരെയും ഒരു സർവ്വേയറേയും ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും അവർ രേഖകൾ ലഭ്യമായ സ്ഥലങ്ങൾ സർവ്വേ നടത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദേവസ്വങ്ങളുടെ എത്ര ഏക്കർ ഭൂമി അന്യാധീനപ്പെട്ടു എന്ന് കണ്ടെത്തിയിട്ടുണ്ട്;

(ബി) മലബാർ ദേവസ്വത്തിനു കീഴിലുള്ള (മുൻ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ്) 353 ക്ഷേത്രങ്ങളിൽ സ്പെഷ്യൽ ടീം നടത്തിയ പരിശോധനയിൽ 24900.05517 ഏക്കർ ഭൂമി കൈയ്യേറിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങളുടെ 5.36 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 526 ക്ഷേത്രങ്ങളിലായി 494

ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായി ബോർഡിന്റെ പ്ലാനിങ് ഇൻവെസ്റ്റിഗേഷൻ ആന്റ് സർവ്വേ വിഭാഗം കണ്ടെത്തിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിന്റെ ഭൂമിയിൽ മണത്തല വില്ലേജിൽ 1 ഏക്കർ 48 സെന്റ് ഭൂമിയും പൂക്കോട് വില്ലേജിൽ 18 സെന്റ് ഭൂമിയും അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൻകീഴിലുള്ള 0.3874 ഹെക്ടർ ഭൂമി കൈയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഭൂമി വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട് നിയമ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(സി) മലബാർ ദേവസ്വം ബോർഡിൽ ഇതിനായി ഒരു സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ആരംഭിക്കുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിൽ ഭൂമി വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒരു സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഈ ഓഫീസ് ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ചുള്ള നടപടികൾ എടുത്തുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭൂമി തിരിച്ചുപിടിക്കുന്നതിന് ജില്ലാ കളക്ടറുടെ അധികാരങ്ങളോടുകൂടിയ ഒരു സ്പെഷ്യൽ തഹസിൽദാരുടെ ലാന്റ് കൺസർവൻസി യൂണിറ്റിനെ നിയോഗിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ ഈ ആവശ്യത്തിനായി തഹസിൽദാർ, സർവ്വേയർ, ദേവസ്വം ഇൻസ്പെക്ടർ എന്നിവരടങ്ങുന്ന റവന്യൂ വിഭാഗവും വ്യവഹാരങ്ങൾ നടത്തുന്നതിനായി ദേവസ്വത്തിന് പ്രത്യേകം സ്റ്റാൻഡിംഗ് കോൺസൽമാരും നിലവിലുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ ഒഴിപ്പിക്കൽ നടപടികൾ നടത്തുന്നതിന് ദേവസ്വം തന്നെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ദേവസ്വങ്ങളുടെ സ്വർണ്ണശേഖരത്തിന്റെ കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(ഡി) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള സ്വർണ്ണം, വെള്ളി മറ്റ് അമൂല്യ വസ്തുക്കൾ എന്നിവ പരിശോധിക്കാനും കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനും

തലശ്ശേരി, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങൾ ആസ്ഥാനമായി മൂന്ന് വെരിഫിക്കേഷൻ ഓഫീസർമാരും പാലക്കാട്ടും കോഴിക്കോട്ടും ഗോൾഡ് സ്മിത്ത് തസ്തികയിലും ഉദ്യോഗസ്ഥരുണ്ട്. ഈ പ്രവർത്തനങ്ങളിൽ വീഴ്ച വരാതിരിക്കാനും, ഇവരുടെ പ്രവർത്തനം ക്രോഡീകരിച്ച് മേൽനോട്ടം വഹിക്കുന്നതിനും മലബാർ ദേവസ്വം ബോർഡ് നിയമവിഭാഗം ഡപ്യൂട്ടി കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിൽ സ്വർണ്ണം, വെള്ളി ഉരുപ്പടികളുടെയും മറ്റ് ഉരുപ്പടികളുടെയും വിവരം ശേഖരിച്ച് പുതിയ രജിസ്റ്റർ തയ്യാറാക്കുന്നതിന്, പണ്ടംപാത്രം സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. പത്ത് ദേവസ്വങ്ങളിലെ ജോലികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എല്ലാ ദേവസ്വങ്ങളിലും ലഭിക്കുന്ന സ്വർണ്ണ വകകൾ തൂക്കം തിട്ടപ്പെടുത്തി രസീത് എഴുതി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർത്ത് സ്ട്രോങ് റൂമിൽ സൂക്ഷിക്കുന്നു.

ഗുരുവായൂർ ദേവസ്വത്തിൽ സ്വർണ്ണശേഖരത്തിന്റെ കണക്കുകൾ ഡബിൾ ലോക്കർ രജിസ്റ്റർ പ്രകാരം വരവുചേർത്ത് ലോക്കറിൽ സൂക്ഷിച്ചുവരുന്നുണ്ട്. സ്വർണ്ണവും വെള്ളിയും പ്രത്യേകം പ്രത്യേകമായാണ് സൂക്ഷിച്ചിരിക്കുന്നത്.

കൂടൽമാണിക്യം ദേവസ്വത്തിൽ 2007 ഫെബ്രുവരി വരെയുള്ള സ്വർണ്ണശേഖര കണക്കുകൾ സൂക്ഷിച്ചിട്ടുണ്ട്. ഈ മാസം വരെയുള്ള കൃത്യമായ കണക്കുകൾ ശരിയാക്കുന്നതിന് മാനേജിങ് കമ്മിറ്റി അംഗങ്ങൾ, അഡ്മിനിസ്ട്രേറ്റർ, അഡ്വൈസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 167

16/09/2009 - ൽ
മറുപടിക്ക്

## റേഷൻ ഭക്ഷ്യ സാധനങ്ങളുടെ കരിഞ്ചന്ത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്. സുനിൽകുമാർ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. കെ. രാജു : | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും<br>വകുപ്പുമന്ത്രി) |
| എ) റേഷൻ ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നതു തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) റേഷൻ ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നതു തടയുന്നതിന് എഫ്.സി.ഐ ഗോഡൗണുകളിലും, മൊത്ത വ്യാപാര ഗോഡൗണുകളിലും വിതരണം നടക്കുന്ന ദിവസങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിച്ച് വിതരണം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനത്തിന് മുമ്പിലും പുറകിലും "ഓൺ പി.ഡി.എസ്. റേഷൻ ഡ്യൂട്ടി" എന്ന സ്റ്റിക്കർ പതിപ്പിക്കുന്നത് നിർബന്ധമാക്കുകയും തിരിമറി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗോഡൗണുകളിൽ നിന്നെടുത്ത റേഷൻ സാധനത്തിന്റെ സീൽഡ് സാമ്പിൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കുകയും സാമ്പിൾ പ്രകാരമുള്ള സാധനങ്ങൾ തന്നെയാണ് വിതരണം ചെയ്യുന്നത് എന്ന് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനയിലൂടെ ഉറപ്പ് വരുത്തുകയുംചെയ്യുന്നു. കൂടാതെ പൊതു വിതരണ കേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നിരന്തരപരിശോധനകൾ നടത്തി കുറ്റക്കാർ എന്ന് |

കാണുന്നവർക്കെതിരെകർശന നടപടികൾ സ്വീകരിക്കുന്നു. പൊതുജനങ്ങൾക്ക് റേഷൻ സാധനങ്ങളുടെ ലഭ്യതയെക്കുറിച്ച് അറിവ് നൽകുന്നതിനായി ബഹു വർണ്ണ പോസ്റ്ററുകൾ അച്ചടിച്ച് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രതി മാസ അലോട്ട്മെന്റും ഓരോ കാർഡുടമയ്ക്കും അതാത് പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻ സാധനങ്ങളുടെ വിവരങ്ങളും പ്രമുഖ പത്രങ്ങളിലൂടെ ഓരോ മാസവും പ്രസ് റിലീസായി നൽകി വരുന്നുണ്ട്. റേഷൻ കടകളിൽ ഇലക്ട്രോണിക് യന്ത്രങ്ങൾ സ്ഥാപിച്ച് അളവും തൂക്കവും കൃത്യമായി പാലിച്ചു വരുന്നു. ഇവയാണ് റേഷൻ ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നതു തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ.

ബി) ഇതിനായി സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

ബി) ഇതിനായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈഓഫീസർമാരുടെ നേതൃത്വത്തിലും സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. കൂടാതെ ഉത്തര ദക്ഷിണ മേഖലാ ഡെപ്യൂട്ടി റേഷൻ കൺട്രോളർമാരുടെ നേതൃത്വത്തിലും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലുമുള്ള സ്ക്വാഡുകൾ പ്രവർത്തിച്ച് വരുന്നു.

സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ റെയ്ഡുകളിലായി പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, മണ്ണെണ്ണ എന്നിവ എത്രയാണെന്നും ഇതിനുത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ ?

സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ റെയ്ഡുകളിലായി പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ കണക്ക് ചുവടെ ചേർക്കുന്നു.

അരി 1817295 കിലോ ഗ്രാം
ഗോതമ്പ് 5414392 കിലോ ഗ്രാം
പഞ്ചസാര 3564 കിലോ ഗ്രാം
മണ്ണെണ്ണ 198748 ലിറ്റർ. ഇതിനുത്തരവാദികളായവരുടെ പേരിൽ അവശ്യസാധന നിയമമനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ 168 | 16.9.2009 ൽ<br>മറുപടിയ്ക്ക് |

## സർക്കാർ ജീവനക്കാർക്ക് ഇ-മെയിൽ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് ;<br>ശ്രീ. എ.എം. യൂസഫ് ;<br>പ്രൊഫ. സി. രവീന്ദ്രനാഥ് ;<br>ശ്രീ. പി.ടി.എ. റഹീം ;<br>ശ്രീ. എ. പ്രദീപ് കുമാർ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ ജീവനക്കാർക്ക് ഇ-മെയിൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ; ഔദ്യോഗിക ഇ-മെയിൽ വഴി അയയ്ക്കുന്ന എല്ലാ സന്ദേശങ്ങളും തപാൽ സന്ദേശം എന്ന രീതിയിൽ പരിഗണിക്കുമോ ; | ബി) സർക്കാർ വകുപ്പുകളിലെ ആശയവിനിമയ സംവിധാനം ത്വരിതപ്പെടുത്താനായി "ഒഫിഷ്യൽ ഇ-മെയിൽ സംവിധാനം" ഏർപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായി എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും ഇ-മെയിൽ അനുവദിക്കുകയെന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 25.5.2009 ലെ ജി.ഒ.(ആർ.റ്റി)99/09/ഐ.ടി.ഡി ഉത്തരവു പ്രകാരം പദ്ധതിയുടെ ആദ്യഘട്ടമായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തലം മുതൽ മുകളിലേക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇ-മെയിൽ വിലാസം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ഔദ്യോഗിക കമ്പ്യൂട്ടറുകളും കണക്റ്റിവിറ്റിയും നിലവിലുള്ള വകുപ്പ് തലവന്മാർക്കും ഇ-മെയിൽ വിലാസം നൽകാൻ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്ക് ഇതുവരെ നാലായിരത്തോളം ഇ-മെയിൽ വിലാസങ്ങൾ നൽകിയിട്ടുണ്ട്.<br><br>ഐ.ടി. ആക്ട് 2000 പ്രകാരം ഇത്തരം ഇലക്ട്രോണിക് സന്ദേശങ്ങൾക്ക് ഔദ്യോഗിക അംഗീകാരം ഉണ്ട്. 30.10.2008 ലെ ജി.ഒ.(ആർ.റ്റി)233/08/ഐ.ടി.ഡി. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക 5.3 പ്രകാരം എല്ലാ ഉദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഒഫിഷ്യൽ ഇ-മെയിൽ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബാധ്യസ്ഥരാണ്. |

| | | | |
|---|---|---|---|
| സി) | ഇ-മെയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല ഏതു സ്ഥാപനത്തിനാണ് ; | സി) | കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നിർവ്വഹണ ചുമതല സിഡിറ്റിനെ ഏല്പിച്ചിരിക്കുന്നു. |
| ഡി) | പദ്ധതിക്കായി എന്തു തുക ചെലവാകും എന്ന് വെളിപ്പെടുത്തുമോ ; | ഡി) | പദ്ധതിക്കായി ഇതുവരെ 16 ലക്ഷത്തോളം രൂപ ചെലവായിട്ടുണ്ട്. എല്ലാ ഉദ്യോഗസ്ഥർക്കുമായി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ചെലവ് കണക്കാക്കി വരുന്നു. |
| ഇ) | എല്ലാ സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഇ) | എല്ലാ സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അതാത് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ബ്രോഡ്ബാന്റ് കണക്ഷനോ KSWAN കണക്ഷനോ ഇല്ലാത്ത സർക്കാർ ഓഫീസുകളിൽ BSNL ൽ നിന്നും ബ്രോഡ് ബാന്റ് കണക്ഷൻ എടുക്കുവാൻ 24.2.2009 ലെ ജി.ഒ.(ആർ.റ്റി) 38/2009/ഐ.റ്റി.ഡി. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 169 — 16.09.2009 - ൽ മറുപടിക്ക്

## കാലാവസ്ഥാ വ്യതിയാനം നിമിത്തം ഉത്പാദനത്തിൽ ഇടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.യു.സി.രാമൻ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാലാവസ്ഥാവ്യതിയാനം വരുന്നതനുസരിച്ച് ഉത്പാദനത്തിൽ ഇടിവ് വരുന്നതു കാരണം ഭക്ഷ്യ വസ്തുക്കൾക്കടുത്തക്ഷാമം അനുഭവപ്പെടുന്നുവെന്ന റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്, കാലവർഷത്തിന്റെ തളർവ്, ലഭിക്കുന്ന സമയക്രമം എന്നിവയെല്ലാം കാർഷിക ഉത്പാദനത്തേയും, വിളകളുടെ വിസ്തൃതിയേയും സാരമായി സ്വാധീനിക്കുന്നു. ഹ്രസ്വകാല വിളകളെയാണ് ഇത് കൂടുതലായി ബാധിക്കുന്നത്. കടുത്ത വേനൽ മഴ, നെല്ല് , പച്ചക്കറി തുടങ്ങിയ ഒട്ടുമിക്ക വിളകളേയും പ്രതികൂലമായി ബാധിക്കുന്നു. |
| (ബി) എങ്കിൽ കേരളത്തിൽ ഇവ തരണം ചെയ്യുന്നതിന് ഭക്ഷ്യ വകുപ്പ് സ്വീകരിച്ചമുൻകരുതൽനടപടികളെന്താണ് എന്നും ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) നിലവിൽ, ലഭ്യമായ ഭക്ഷ്യ വസ്തുക്കൾ കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഇല്ലാതെ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നു എന്ന് ഉറപ്പു വരുത്താനുള്ള നടപടി ഭക്ഷ്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഭക്ഷ്യക്ഷാമം തരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഭക്ഷ്യ സുരക്ഷാ പദ്ധതി 18 ഉപഘടകങ്ങൾ ഉൾപ്പെടുത്തി വിപുലമായ രീതിയിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. പ്രധാന നെൽക്കൃഷി മേഖലകളായ ഓണാട്ടുകര, കുട്ടനാട് , കോൾനിലങ്ങൾ, പൊക്കാളി, പാലക്കാട്, വയനാട് എന്നിവിടങ്ങളിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. |
| (സി) ഉത്പാദന ഇടിവ് മൂലമുള്ള | (സി) കൃഷിവകുപ്പും ഭക്ഷ്യസിവിൽ സപ്ലൈസ് |

| | |
|---|---|
| വിലക്കയറ്റം തടയുന്നതിന് എന്തെല്ലാംനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | വകുപ്പും ചേർന്ന് നെല്ല് സംഭരിച്ച് മിതമായ വിലയ്ക്ക് പൊതുവിതരണ സമ്പ്രദായത്തിൽ കൂടി അരിവിതരണം നടത്തുന്നുണ്ട്. പച്ചക്കറിയുടെ വിലക്കയറ്റം തടയുന്നതിന് ഉത്സവകാലത്ത് പ്രത്യേക കിഴിവോടെ പച്ചക്കറി ചന്തകളും, പച്ചക്കറി കിറ്റ് വിതരണവും കൃഷിവകുപ്പ് മുഖേന നടത്തുകയുണ്ടായി. കൂടാതെ ഹോർട്ടികോർപ്പ്, VFPCK മുഖേന സ്ഥിര സംവിധാനമായ കർഷക വിപണിയിലൂടെ ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് പച്ചക്കറി ഉത്പന്നങ്ങൾ നിശ്ചിത സ്ഥലങ്ങളിൽ കൂടി വിൽക്കുന്നുണ്ട്. കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് ഇവ തടയുന്നതിന് കാര്യക്ഷമമായി റെയ്ഡുകൾ നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയത് തുടർന്നും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 170

16.9.2009 ൽ
മറുപടിയ്ക്ക്

## അരിക്ഷാമം പരിഹരിക്കുന്നതിന് നടപടി

ചോദ്യം
ശ്രീ. കെ.കുഞ്ഞിരാമൻ ;
ശ്രീ. ജോർജ്ജ് എം.തോമസ് ;
ശ്രീ.പി.ടി.എ.റഹീം ;
പ്രൊഫ.സി.രവീന്ദ്രനാഥ് ;
ശ്രീ.വി.ശിവൻകുട്ടി

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ അരിക്ഷാമം പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കഴിഞ്ഞ ഒരു വർഷ കാലയളവിൽ നടത്തിയ പ്രവർത്തനം വിശദമാക്കുമോ;

ബി) പ്രത്യേക അരിക്കടകളിലൂടെ കിലോയ്ക്ക് എത്ര രൂപ നിരക്കിലാണ് അരി വിതരണം ചെയ്തത് ;

സി) കിലോയ്ക്ക് 14 രൂപ നിരക്കിലുള്ള അരി വിതരണം ഇപ്പോഴും തുടരുന്നുണ്ടോ ;

ഡി) കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് പ്രതിമാസം എത്ര ക്വിന്റൽ അരി ആവശ്യമുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

ഇ) കോർപ്പറേഷൻ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് അരി വാങ്ങുന്നതെന്ന് അറിയിക്കുമോ ?

എ), ബി), സി), ഡി) & ഇ)

അരിക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ അരി വിപണിയിലെത്തിക്കുകയും, പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ അരി വിൽപന നടത്തുകയും ചെയ്തു വരുന്നു. സപ്ലൈകോ വിൽപനശാലകളിൽ പ്രവർത്തിക്കുന്ന അരിക്കടകളിൽ കൂടി പുഴുക്കലരി കിലോയ്ക്ക് 14 രൂപയ്ക്കും പച്ചരി കിലോയ്ക്ക് 13.50 രൂപയ്ക്കുമാണ് വിൽപന നടത്തി വരുന്നത്. എല്ലാ വിൽപനശാലകളിലും, പ്രത്യേക ചന്തകളിലും അരി വിൽപനയ്ക്കായി പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിൽപനശാലകളിൽ പ്രവർത്തിക്കുന്ന അരിക്കടകൾ വഴി 2009 ജൂലൈ മാസം വരെ 1,49,360 ടൺ അരി വിൽപന നടത്തിയിട്ടുണ്ട്. പ്രത്യേക അരിക്കടകളിലൂടെ പുഴുക്കലരി കിലോയ്ക്ക് 14 രൂപയ്ക്കും പച്ചരി കിലോയ്ക്ക് 13.50 രൂപയ്ക്കുമാണ് വിൽപന നടത്തി വരുന്നത്. ഇത് ഇപ്പോഴും തുടരുന്നുണ്ട്. കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് പ്രതിമാസം ശരാശരി 70,000 ക്വിന്റൽ പുഴുക്കലരിയും 30,000 ക്വിന്റൽ പച്ചരിയും ആവശ്യമായി വരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാസം തോറും നടക്കുന്ന ഇ – ടെൻഡർ മുഖേനയാണ് അരി വാങ്ങുന്നത്. ടെൻഡർ മുഖേന അരി വിതരണം ചെയ്യുന്ന സപ്ലൈയർമാർ അരി ഏതു സംസ്ഥാനത്തു നിന്നു വാങ്ങിയാണ് സപ്ലൈകോയ്ക്ക് നൽകുന്നത് എന്ന വിവരം ലഭ്യമല്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 171 16/9/2009-ൽ മറുപടിക്ക്

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സൈമൺ ബ്രിട്ടോ-റോഡ്രിഗ്സ്<br>ശ്രീ.എ.സി.മൊയ്തീൻ | ശ്രീ.സി.ദിവാകരൻ(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>1. ഇറച്ചി ഉല്പാദന വിപണനരംഗത്ത് അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതു ലക്ഷ്യം വെച്ച് ആർ.കെ.വി.വൈ പദ്ധതി പ്രകാരം കർഷകർക്ക് ആവശ്യമായ പന്നികുഞ്ഞുങ്ങളെ വിതരണം ചെയ്ത് അവ വളർന്നശേഷം തിരികെ വാങ്ങുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. കെ്.എൽ.ഡി.ബോർഡിന്റെയും എം്.പി.ഐ. യുടെയും സംയുക്ത സരംഭമായി വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന അങ്കമാലി ജനുസ്സിൽപ്പെട്ട പന്നികളെ വളർത്തുന്നു.<br>3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് പന്നി കുഞ്ഞുങ്ങളെ തമിഴ്നാട്ടിലെ കർഷകർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.കമ്പനിയുടെ നവീകരണത്തിന്റെ ഭാഗമായി 40 ടൺ ശേഷിയുള്ള ഗാഢ ശീതീകരണിയും മലിനജലസംസ്കരണ പ്ലാന്റും പൂർത്തിയാക്കി. കൂടാതെ മീറ്റ്സ്ലൈസർ, കാർക്കസ് |

സ്പ്ലിറ്റർ ,പഫ് ഇൻസുലേറ്റഡ് ബോക്സ് എന്നിവ വാങ്ങിയിട്ടുണ്ട്.

4. മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 4 പുതിയ ഷെഡ്ഡുകൾ പണിയുന്നതിനും പഴയ ഷെഡ്ഡുകൾ കോമ്പൗണ്ട് വാൾ തുടങ്ങിയവ പുതുക്കി പണിയുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) എം.പി.ഐ. കഴിഞ്ഞ വർഷം പുതുതായി വിപണിയിലിറക്കിയ ഉല്പന്നങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

ബി) ചിക്കൻ അച്ചാർ, ധോണി പ്രീമിയം ബഫല്ലോ ,ചിക്കൻ കട്ലറ്റ് എന്നിവ പുതുതായി വിപണിയിലിറക്കി.

സി) പ്രസ്തുത ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

സി) പ്രസ്തുത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്തും എറണാകുളത്തും ഓരോ മൊബൈൽ വില്പനശാല ആരംഭിച്ചു. മലപ്പുറത്ത് ഒരു മൊത്ത വിതരണ ഏജൻസിയെ നിയമിച്ചു വിപണനം ഊർജിതപ്പെടുത്തി. മാംസോല്പന്നങ്ങൾ ഏതു സമയത്തും ലഭ്യമാക്കുന്നതിന് കമ്പനിയുടെ ഇടയാർ ക്യാമ്പിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സെയിൽസ് കൗണ്ടർ ആരംഭിച്ചു. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ കൂടുതൽ മീറ്റ് സ്റ്റാളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഡി) മൊബൈൽ വില്പന യൂണിറ്റുകൾ കൂടുതലായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

ഡി) നടപടി സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| ഇ) | എം.പി.ഐ. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുളള പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | ഇ) | ചാലക്കുടിയിലെ പരിയാരം പഞ്ചായത്തിൽ കാഞ്ഞിരപ്പിള്ളിയിൽ വിദേശ വിപണി കൂടി ലക്ഷ്യം വെച്ച് ആധുനിക മാംസോല്പന്ന ഫാക്ടറി തുടങ്ങുന്നതിന് 7.10 കോടി രൂപയുടെയും ഇടയാർ ക്യാമ്പസിൽ ഹൈടെക് അറവുശാലയും മാംസ സംസ്ക്കരണ ഫാക്ടറിയും സ്ഥാപിക്കുന്നതിന് 31.53 കോടി രൂപയുടെയും കോഴിയിറച്ചി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 85 ലക്ഷം രൂപയുടെയും പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| എഫ്) | എം.പി.ഐ. ഉല്പന്നങ്ങൾക്ക് വിദേശ വിപണി നേടുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ? | എഫ്) | എം.പി.ഐ. ഉൽപ്പന്നങ്ങൾക്ക് വിദേശവിപണി നേടുന്നതിന്റെ ഭാഗമായി ചാലക്കുടിയിൽ ഒരു ആധുനിക മാംസസംസ്ക്കരണ ഫാക്ടറി സ്വകാര്യപങ്കാളിത്തത്തോടെ ആരംഭിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് അടിസ്ഥാന സൗകര്യവികസനത്തിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 172

16.9.2009-ൽ മറുപടിയ്ക്ക്

## പഞ്ചവത്സര പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.എം.ഉമ്മർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| **(എ) പതിനൊന്നാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് ഇടക്കാല അവലോകനം നടത്തിയിട്ടുണ്ടോ ;** | **(എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയെക്കുറിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് ഇടക്കാല അവലോകന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.** |
| (ബി) വിവിധ വകുപ്പുകളെക്കുറിച്ചുള്ള ആസൂത്രണ ബോർഡിന്റെ **അവലോകനത്തിൽ പ്രധാന കണ്ടെത്തലുകൾ** എന്തെല്ലാമാണ് ; | (ബി) ഇടക്കാല അവലോകന റിപ്പോർട്ട് ഇപ്പോൾ ആസൂത്രണ ബോർഡ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഇത് പൂർത്തീകരിച്ചതിന് ശേഷമേ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുകയുള്ളൂ. |
| **(സി) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ അവലോകനം നടത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ ;** | (സി) ഉണ്ട്. |
| **(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?** | (ഡി) **കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ അവലോകനം സർക്കാർ തലത്തിൽ മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരുടെ അദ്ധ്യ**ക്ഷതയിലും. കൂടാതെ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വിളിച്ചുചേർക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പ് തലവൻമാരുടെയും യോഗങ്ങളിലും നടത്താറുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുന്നതിന് വേണ്ടി 2008-09 മുതൽ ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ഒരു 'പദ്ധതി മോണിറ്ററിംഗ് സംവിധാനം' ആവിഷ്ക്കരിച്ചു വരുന്നു. കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ അവലോകനം ഈ പദ്ധതി മോണിറ്ററിംഗ് സംവിധാനത്തിലൂടെ ചെയ്യുന്നു. ഇവ കൂടാതെ കേന്ദ്ര ഗവൺമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന അവലോകന യോഗവും നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 173    16-09-2009 ന് മറുപടിക്ക്

## വനാതിർത്തി സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. അൽഫോൺസ് കണ്ണന്താനം:

" എസ്. രാജേന്ദ്രൻ:

" എം. ചന്ദ്രൻ:

" രാജു എബ്രഹാം:

" ബി.ഡി. ദേവസ്സി:

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം

(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) വനാതിർത്തി സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(എ) സംസ്ഥാനത്ത് പദ്ധതി ഇനത്തിലും പദ്ധതിയിതര ഇനത്തിലും കേന്ദ്രസർക്കാർ ധനസഹായ പദ്ധതികളിലുംപെടുത്തി വിവിധ സ്കീമുകളിലൂടെ വനാതിർത്തി കാര്യക്ഷമമായി സംരക്ഷിച്ചുവരുന്നു.

1. സംസ്ഥാനത്തെ വനംകയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചും വരുന്നു.
2. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും വനംകയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തര പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു.
3. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനംകയ്യേറ്റ ശ്രമങ്ങളും വനം കുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.
4. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു.
5. വനസംരക്ഷണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് ആവശ്യമായ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ തുടങ്ങിയവ നൽകി സജ്ജരാക്കിയിട്ടുണ്ട്.

6. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

7. വനാതിർത്തികളിൽ ഫയർലൈൻ എടുത്തും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തിയും ഫയർ വാച്ചർമാരെ നിയോഗിച്ചും വനാതിർത്തികൾ സംരക്ഷിച്ചുവരുന്നുണ്ട്.

(ബി) പുതുതായി ജണ്ടകൾ നിർമ്മിക്കുന്നതിനും കേടുപാടുകൾ സംഭവിച്ചവ പുനരുദ്ധരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വനാതിർത്തി സർവ്വേ ചെയ്ത് പുതുതായി ജണ്ട നിർമ്മാണവും കേടുപാടു സംഭവിച്ചവയുടെ പുനരുദ്ധാരണവും ഘട്ടം ഘട്ടമായി നടത്തിവരുന്നു.

(സി) വനമേഖലയുടെ സർവ്വേ നടത്തി ഭൂപടം തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) വനമേഖലയുടെ സർവ്വേ നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള "ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ" (FSI) എന്ന സ്ഥാപനം ഇതിനുമാത്രമായിട്ടുണ്ട്. ഈ സ്ഥാപനമാണ് രാജ്യത്തുള്ള എല്ലാ വനമേഖലകളുടെയും സർവ്വേ നടത്തിവരുന്നത്. ഇതുകൂടാതെ തർക്കപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കൽ, കോടതി ഉത്തരവു പ്രകാരമുള്ള സർവ്വേ ജോലികൾ, തുടങ്ങിയവ നടത്തുവാനായി വനം വകുപ്പിനു കീഴിലുള്ള ഫോറസ്റ്റ് മിനി സർവ്വേ യൂണിറ്റിന്റെ സേവനം ഉപയോഗിച്ചുവരുന്നു. നിക്ഷിപ്ത വനമേഖലയുടെ സർവ്വേ ബഹുഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്.

(ഡി) ക്ഷയോന്മുഖമായ വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) കേരളത്തിലുള്ള ക്ഷയോന്മുഖമായ വനങ്ങൾ ഉൾപ്പെടെ എല്ലാ വനങ്ങളെയും സംരക്ഷിക്കുന്നതിനുവേണ്ടി ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് എന്ന സ്കീമിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. ഈ പദ്ധതിയിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, വനങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സർവ്വേ നടത്തി അതിർത്തികൾ നിശ്ചയിച്ച് ജണ്ടകൾ സ്ഥാപിക്കുക മുതലായവയാണ് പ്രധാന പരിപാടികൾ. ഈ പദ്ധതികൾക്കുവേണ്ടി 2008-09 ൽ 632.83 ലക്ഷം രൂപയും 2009-2010 ൽ ഇതുവരെ 300 ലക്ഷം രൂപയും കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഇ) കാട്ടുതീമൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (ഇ) കാട്ടുതീമൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

Ajeya Rekha
സെക്ഷൻ ഓഫീസർ

— — — — — —

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 174

16.09.2009-ൽ
മറുപടിയ്ക്ക്

# "മലബാർ ദേവസ്വം ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം"

ചോദ്യം
ശ്രീ. കെ.വി.കുഞ്ഞിരാമൻ
ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ. പി.ജയരാജൻ
ശ്രീ. പി.കൃഷ്ണപ്രസാദ്
ശ്രീ. എ.പ്രദീപ് കുമാർ

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) ഇല്ല.

(ബി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ ചെലവാക്കി; ഈ വർഷം എത്ര രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നു;

(ബി) കഴിഞ്ഞ വർഷം (2008-2009) ൽ ബജറ്റിൽ വകയിരുത്തിയ 82.5 ലക്ഷം രൂപയും, സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ച 75 ലക്ഷം രൂപയും, ജീർണ്ണോദ്ധാരണ ഗ്രാന്റായി ലഭിച്ചിരുന്നു. ഇതിൽ 82.5 ലക്ഷം രൂപയും, മുൻ വർഷം ജീർണ്ണോദ്ധാരണഗ്രാന്റായി അനുവദിച്ചതിൽ ഉപയോഗിക്കാതിരുന്ന 17.5 ലക്ഷം രൂപയും ചേർന്ന് ഒരു കോടി രൂപ465 ക്ഷേത്രങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ച 75 ലക്ഷം രൂപ 292 ക്ഷേത്രങ്ങൾക്കായി 19.06.2009 ലും വിതരണം ചെയ്തിട്ടുണ്ട്.

ഈ വർഷം (2009-2010) 16.06.2009 ന് ചേർന്ന് ഗ്രാന്റ് വിതരണ കമ്മിറ്റിയോഗം ഒരു കോടി രൂപ ഗ്രാന്റ് വിതരണത്തിന് നീക്കിവയ്ക്കാൻ തീരുമാനിച്ചെങ്കിലും 2008-2009 ൽ ഒരു കോടി 75 ലക്ഷം രൂപ നൽകിയതു

കൊണ്ട് 2009–2010 ൽ രണ്ടു കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്യാൻ മലബാർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 30.09.2009 ആണ്.

| | | | |
|---|---|---|---|
| (സി) | ബോർഡിന്റെ കീഴിൽ വരാത്ത സ്വകാര്യ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; | (സി) | ഉണ്ട്. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് ഓരോ വർഷവും നീക്കിവയ്ക്കുന്ന തുകയുടെ 10% മുതൽ 15% വരെയുള്ള തുക സ്വകാര്യ ക്ഷേത്രങ്ങൾക്ക് നീക്കിവയ്ക്കാനും അങ്ങനെ അനുവദിക്കുന്ന തുകയുടെ 10% പട്ടികജാതി–പട്ടിക വർഗ്ഗക്കാർ നടത്തുന്ന ക്ഷേത്രങ്ങൾക്കായി നീക്കി വയ്ക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | അന്യാധീനപ്പെട്ട ക്ഷേത്രഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ? | (ഡി) | മലബാറിലെ ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2008 ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് സെക്ഷൻ 95 (എ) പ്രകാരം മലബാറിലെ ക്ഷേത്രഭൂമികൾ 1957 ലെ കേരള ലാന്റ് കൺസർവൻസി ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രഭൂമികൾ തിരിച്ചുപിടിക്കുന്നതിന് ഒരു സ്പെഷ്യൽ തഹസീൽദാരും, സർവ്വേയറും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു സ്പെഷ്യൽ തഹസീൽദാർ ഓഫീസ് ആരംഭിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. |

Sulatha...

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175 — 16.09.2009-ൽ മറുപടിയ്ക്ക്

പാർപ്പിട നിർമ്മാണത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന ഗവേഷണ കേന്ദ്രം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബാബു പോൾ:<br>ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീമതി. ഇ.എസ്. ബിജിമോൾ:<br>ശ്രീ. എ.കെ. ചന്ദ്രൻ:<br>ശ്രീ. കെ.രാജു : | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| എ) പാർപ്പിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പഠന ഗവേഷണ കേന്ദ്രം നിർമ്മിതി കേന്ദ്രത്തിനു കീഴിൽ ആരംഭിക്കാനുള്ള പദ്ധതിയുണ്ടോ; എങ്കിൽ ഈ കേന്ദ്രത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) ഉണ്ട്. ലാറിബേക്കർ ഇൻറർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (LaBISHaS) എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. പാർപ്പിട നിർമ്മാണ രംഗത്ത് ശാസ്ത്രീയ ഗവേഷണങ്ങൾ നടത്തുന്നതിനും, അവ ഏകോപിപ്പിച്ച് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു അനുബന്ധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. വികസ്വര രാജ്യങ്ങളിലെ ഭവന നിർമ്മാണം കേന്ദ്രീകരിച്ച് നവീന ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക, സുസ്ഥിര പാർപ്പിട വിഷയത്തിൻെറ രൂപ രേഖയിൽ (Blue-print) ഗവേഷണം നടത്തി അതു വഴി ചെലവു ചുരുങ്ങിയതും, പാവപ്പെട്ട ജനങ്ങൾക്ക് കെട്ടിട നിർമ്മാണ പദ്ധതികളിലെ മാതൃകാ ഡിസൈനുകളും (type-designs) |

| | |
|---|---|
| | സംഭാവന നൽകുക ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും വിവിധ പരിശീലന പരിപാടികൾ നടത്തുക, എഞ്ചിനീയറിംഗ് അണ്ടർ ഗ്രാഡുവേറ്റുകൾക്കായി ഫിനിഷിംഗ് സ്കൂൾ നടത്തുക എന്നീ മുഖ്യലക്ഷ്യങ്ങളാണ് ഈ സ്ഥാപനത്തിന് ഉള്ളത്. |
| ബി) ഈ പഠന കേന്ദ്രം എവിടെയാണു സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുള്ളത്; ഈ സ്ഥാപനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ? | ബി) തിരുവനന്തപുരം ജില്ലയിലാണ് **LaBISHaS** സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഈ സ്ഥാപനം സ്ഥാപിക്കുന്നതിന് ആവശ്യമായ 50 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Sreedevi Kunji

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 176

16.09.2009-ൽ മറുപടിയ്ക്ക്

## "ദേവസ്വം ബോർഡുകളിലെ ഉദ്യോഗസ്ഥ നിയമനം"

ചോദ്യം

ശ്രീ.യു.സി.രാമൻ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ദേവസ്വം ബോർഡുകളിലെ ഉദ്യോഗസ്ഥ നിയമനം സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥ നിയമനം സുതാര്യമാക്കുന്നതിന് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ ഇതു നടപ്പിൽ വരും;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

(എ), (ബി), (സി) & (ഡി) ഉണ്ട്. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ ഉദ്യോഗസ്ഥ നിയമനങ്ങളിലെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2007 ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന (ഭേദഗതി) നിയമം (2007 ലെ 5-ാം ആക്ട്) കൊണ്ടുവരികയും അതിലെ സെക്ഷൻ 29 എ, 127 എ എന്നിവ പ്രകാരം ദേവസ്വം ബോർഡുകളിലെ ഭരണവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ പി.എസ്.സി മുഖേന ഹിന്ദുമതത്തിൽപ്പെട്ടവരിൽ നിന്നും നടത്തുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ദൗത്യം പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 2008 ലെകേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ ഭരണ സർവ്വീസുകൾ സംബന്ധിച്ച അധിക ചുമതല) ആക്ട് (2008 ലെ 19 -ാം ആക്ട്) നിലവിൽ വന്നിട്ടുള്ളതും പ്രസ്തുത ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള അനുബന്ധ ചട്ടങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ ഭരണസർവ്വീസുകൾ സംബന്ധിച്ച അധിക ചുമതല) ചട്ടങ്ങൾ 2009 എന്ന

പേരിൽ ഉണ്ടാക്കുകയും 12.01.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) 21/2009/ ആർ.ഡി പ്രകാരം എസ്.ആർ.ഒ നം.20/2009 ആയി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുകഴിഞ്ഞു. നിയമനങ്ങൾക്കു വേണ്ട റിക്രൂട്ട്മെന്റ് ചട്ടങ്ങൾ നിർമ്മിക്കുന്നതിന് തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾ നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് ചട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്താവുന്നതാണ്. മലബാർ ദേവസ്വം ബോർഡിലെ ഭരണ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനങ്ങളും പി.എസ്.സി മുഖേനയാക്കിക്കൊണ്ട് മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് 2008 (2008 ലെ 31-ാം ആക്റ്റ്) നിലവിൽ വന്നുകഴിഞ്ഞു. അതിൻപ്രകാരം മലബാർ ദേവസ്വം ബോർഡിലെ ഭരണ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമന ചുമതല പി.എസ്.സിയെ ഏൽപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തിനായുള്ള ബിൽ നിയമസഭ മുമ്പാകെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 177 — 16.9.2009-ൽ മറുപടിയ്ക്ക്

# കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും പണം കിട്ടണമെങ്കിൽ അതിനുള്ള രൂപ രേഖയും അനുബന്ധ കാര്യങ്ങളും അടങ്ങുന്ന പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കേണ്ടതുണ്ടോ ; | (എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിന് വിവിധ മാനദണ്ഡങ്ങളും രൂപരേഖകളുമാണ് അവലംബിച്ചു വരുന്നത്. ഇതിനായി പൊതുവേ, പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുണ്ട്. |
| (ബി) ഇപ്രകാരം ഇക്കഴിഞ്ഞ 3 വർഷത്തിനുള്ളിൽ തയ്യാറാക്കി കേന്ദ്രത്തിനു സമർപ്പിച്ച എത്ര പദ്ധതികൾ കേന്ദ്രം അംഗീകരിക്കുകയും അതിനുള്ള തുക ലഭിക്കുകയും ചെയ്തു ; | (ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതുണ്ട്. |
| (സി) എത്ര പദ്ധതികൾ ഇക്കാലത്ത് കേന്ദ്രം തള്ളിക്കളഞ്ഞു ;<br>(ഡി) കേന്ദ്രം തള്ളിക്കളഞ്ഞ പദ്ധതികളുടെ ഒട്ടാകെ അടങ്കൽ തുക എത്രയായിരുന്നു ; | (സി) (ഡി) കേന്ദ്രത്തിലെ പല വകുപ്പുകളും നേരിട്ടാണ് പദ്ധതികൾ വിശകലനം ചെയ്യുന്നത്. ഇവയുടെ കൃത്യമായ വിവരങ്ങൾ സംസ്ഥാനത്തിനു ലഭ്യമല്ല. |
| (ഇ) ഇത്തരം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരിശീലനം സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കൊടുക്കുമോ ; | (ഇ) കേന്ദ്രീകൃതമായി ഇതിന് പരിശീലനം നൽകാറില്ലെങ്കിലും വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി അതാതു വകുപ്പുകൾ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകാറുണ്ട്. |
| (എഫ്) ഇത്തരം പദ്ധതികളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭിക്കുന്നതുവരെ പദ്ധതികൾ തയ്യാറാക്കാൻ കൺസൾട്ടന്റിനെ നിയമിക്കാൻ ഉദ്ദേശമുണ്ടോ ? | (എഫ്) സംസ്ഥാനത്തെ പദ്ധതി ആസൂത്രണവും നിർവ്വഹണവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്താനുതകുന്ന ഒരു പ്രോജക്ട് കൺസൽട്ടൻസി സംവിധാനം ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കുവാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ തീരുമാനിക്കപ്പെടേണ്ടതുണ്ട്. ഇതു കൂടാതെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലെ |

കാലതാമസം സംബന്ധിച്ച് പഠിക്കുവാനും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും മുൻ ചീഫ് സെക്രട്ടറിയും, മുൻ പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷനും ആയ ശ്രീ.വി.രാമചന്ദ്രൻ അദ്ധ്യക്ഷനായി ഒരു രണ്ടംഗ കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : * 178 — 16.09.2009 -ൽ മറുപടിയ്ക്ക്

## സ്വകാര്യ വന ദേശസാത്കരണ നിയമ പ്രകാരം ഏറ്റെടുത്ത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. എം.ഹംസ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 1971-ലെ സ്വകാര്യ വന ദേശസാത്കരണ നിയമ പ്രകാരം വനം വകുപ്പ് ഏറ്റെടുത്ത ഭൂമി ഇപ്പോഴും സ്വകാര്യ വ്യക്തികളുടെ കൈവശത്തിൽ തന്നെ തുടരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) 1971-ലെ സ്വകാര്യ വന ദേശസാത്കരണ നിയമ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമികളിൽ കുറച്ചു ഭാഗങ്ങൾ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് സ്വകാര്യ വ്യക്തികളിൽ നിന്നും വീണ്ടെടുക്കാനുള്ളത് ; | (ബി) കയ്യേറ്റത്തിനു വിധേയമായ 1950.4474 ഹെക്ടർ ഭൂമിയാണ് വീണ്ടെടുക്കുവാനുള്ളത്. |
| (സി) ഈ ഭൂമി വീണ്ടെടുത്ത് ജണ്ടകെട്ടി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (സി) നിലവിലുള്ള ഡിപ്പാർട്ടുമെന്റ് സർവെയർ മാരുടെ സേവനം ഉപയോഗപ്പെടുത്തി വനാതിർത്തി നിർണ്ണയം നടത്തി ജണ്ടകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ കയ്യേറ്റക്കാരുടെ സംഘടിതമായ എതിർപ്പുമൂലം ഇതിന് തടസം നേരിട്ടുവരുന്നുണ്ട്. റവന്യൂ, പോലീസ് അധികൃതരുടെ സഹായത്തോടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) കോടതി വിധികൾ സർക്കാരിന് അനുകൂലമായ കേസുകളിൽ വനം വകുപ്പ് കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) കോടതി വിധികൾ സർക്കാരിന് അനുകൂലമായ കേസുകളിൽ കയ്യേറ്റക്കാരെ യഥാസമയം തന്നെ ഒഴിപ്പിച്ച് ഭൂമി വനംവകുപ്പ് ഏറ്റെടുക്കുകയും അതിർത്തി പുനർനിർണ്ണയം നടത്തി ജണ്ടകൾ സ്ഥാപിച്ച് സംരക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 179

16.09.2009-ലെ മറുപടിക്ക്

**ആസിയാൻ കരാറുമൂലം കേരളത്തിനുണ്ടാകുമായിരുന്ന ന്യൂനതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ചോലയിൽ രാമകൃഷ്ണൻ :<br>ശ്രീ. എ.പി. അനിൽകുമാർ : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>ബഹു. മുഖ്യമന്ത്രി |
| (എ) ആസിയാൻ കരാറുമൂലം കേരളത്തിനുണ്ടാകുമായിരുന്ന ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രം വാഗ്ദാനം ചെയ്തിരുന്നുവോ ; | (എ) ചെയ്തിരുന്നു; കരാർ സംബന്ധിച്ച ദോഷവശങ്ങൾ പഠിയ്ക്കാൻ കേന്ദ്ര മന്ത്രിമാരുടെ ഉപസമിതി രൂപീകരിക്കുകയും അതിൽ കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിയെ ഉൾപ്പെടുത്തുകയും ചെയ്യാമെന്ന് ഉറപ്പ് നൽകിയിരുന്നു. |
| (ബി) ഇതനുസരിച്ച് കേരളത്തിന്റെ താല്പര്യം പരിരക്ഷിക്കാൻ കരാറിൽ തന്നെ എന്തെങ്കിലും മുൻകരുതലുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ ഉടച്ചു വാർക്കാനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകാമെന്ന് കേന്ദ്രം വാഗ്ദാനം ചെയ്തിട്ടുണ്ടോ ; | (സി) വാഗ്ദാനങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) ഉണ്ടെങ്കിൽ ഈ സഹായങ്ങൾക്കുവേണ്ടി സംസ്ഥാനം എന്തെല്ലാം പദ്ധതികൾ കേന്ദ്ര അംഗീകാരത്തിനായി അയച്ചുകൊടുത്തു ? | (ഡി) ബാധകമല്ല. |

Sreelatha G

അണ്ടർ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം


നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180 — 16-09-2009-ൽ മറുപടിയ്ക്ക്

കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ. എം.എ.വാഹിദ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും തുടർ നടപടികളെടുക്കാനും ആവശ്യമായ സംവിധാനത്തിന് സംസ്ഥാന ഗവൺമെന്റ് ഡൽഹിയിൽ രൂപം കൊടുത്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ അതിന്റെ ഘടനയും അതിൽ പ്രവർത്തിയ്ക്കുന്ന ഉദ്യോഗസ്ഥരുടെ പേരും വ്യക്തമാക്കുമോ; | ബി) കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനും കേന്ദ്ര സർക്കാരിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ന്യൂഡൽഹിയിൽ റസിഡന്റ് കമ്മീഷണർ, അഡീഷണൽ റസിഡന്റ് കമ്മീഷണർ എന്നീ മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ആവശ്യമായ സംവിധാനം നിലവിലുണ്ട്. റസിഡന്റ് കമ്മീഷണർ ഓഫീസിൽ ഒരു ലെയ്സൺ വിങ്, സംസ്ഥാനത്തെ എം.പി.മാർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു എം.പി. സെൽ, പ്രവാസി കാര്യ വകുപ്പിന്റെ കീഴിൽ ഒരു നോർക്ക സെൽ, വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, സംസ്ഥാന വൈദ്യുത ബോർഡിന്റെ ലെയ്സൺ ഓഫീസ് എന്നിവ പ്രവർത്തിച്ചു വരുന്നു. ഈ കാര്യാലയങ്ങളുടെ ഘടനയും അവയിലെ ഉദ്യോഗസ്ഥരുടെ പേരു വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനത്തിന് രൂപം കൊടുക്കുമോ? | സി) ചോദ്യം ഉദിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1




സെക്ഷൻ ഓഫീസർ

<u>അനുബന്ധം-2</u>

| സ്ഥാനപ്പേര് | ഉദ്യോഗസ്ഥന്റെ പേര് |
|---|---|
| റസിഡന്റ് കമ്മീഷണർ | ആനന്ദ് കുമാർ ഐ.എ.എസ്. |
| അഡീഷണൽ റസിഡന്റ് കമ്മീഷണർ | ഡി.കെ.സിങ്ങ് ഐ.എ.എസ്. |
| **ലെയ്‌സൺ വിങ്** | |
| ലെയ്‌സൺ ഓഫീസർ | ആർ.കുമാർ |
| അസിസ്റ്റന്റ് ലെയ്‌സൺ ഓഫീസർ-1 | സുൾഫിക്കർ റഹ്മാൻ |
| അസിസ്റ്റന്റ് ലെയ്‌സൺ ഓഫീസർ-2 | എൻ.മധുസൂധനൻ പിള്ള |
| അസിസ്റ്റന്റ് ലെയ്‌സൺ ഓഫീസർ-3 | എൻ.നാഗിൻ |
| **എം.പി. സെൽ** | |
| അസിസ്റ്റന്റ് | ജി.പ്രദീപ് |
| **നോർക്ക സെൽ** | |
| ജോയിന്റ് സെക്രട്ടറി-1 | പി.കെ.രാജേന്ദ്രൻ |
| ജോയിന്റ് സെക്രട്ടറി-2 | ആർ.ശ്രീലത |
| അസിസ്റ്റന്റ് | വി.വിവേക് |
| **ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ** | |
| ഡെപ്യൂട്ടി ഡയറക്ടർ | ടി.മോഹൻ |
| ടൂറിസം ഇൻഫർമേഷൻ ഓഫീസർ | രജനി എസ്.നാരായണൻ |
| **കെ.എസ്.ഇ.ബി.** | |
| റസിഡന്റ് എഞ്ചിനീയർ | സത്യാനന്ദൻ.സി.എച്ച് |
| സീനിയർ അസിസ്റ്റന്റ് | സരിത |

റെസിഡന്റ് കമ്മീഷണർ